ത്രൈമാസിക


# പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക മുഖപത്രം




# ആചാര്യേശാ മശിഹാ കുദാശകളർപ്പിച്ചോരീ
# ആചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം


സഭാ ജ്യോതിസ് പുലിക്കോട്ടിൽ
ജോസഫ് മാർ ദിവന്നാസ്യോസ്
മെത്രാപ്പോലീത്താ
201-ാം ഓർമ്മ



പ. ബസേലിയോസ്
ഗീവർഗീസ് പ്രഥമൻ
കാതോലിക്കാ ബാവാ
89-ാം ഓർമ്മ


പ. ബസേലിയോസ്
ഗീവർഗീസ് ദ്വിതീയൻ
കാതോലിക്കാ ബാവാ
53-ാം ഓർമ്മ



പ. ബസേലിയോസ്
ഔഗേൻ പ്രഥമൻ
കാതോലിക്കാ ബാവാ
43-ാം ഓർമ്മ



പ. ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ് പ്രഥമൻ
കാതോലിക്കാ ബാവാ
21-ാം ഓർമ്മ


പ. ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ
കാതോലിക്കാ ബാവാ
11-ാം ഓർമ്മ


അൽവാറിസ് മാർ
യൂലിയോസ്
മെത്രാപ്പോലീത്താ
94-ാം ഓർമ്മ


കടവിൽ പൗലോസ് മാർ
അത്താനാസ്യോസ്
മെത്രാപ്പോലീത്താ
110-ാം ഓർമ്മ


പത്രോസ് മാർ
ഒസ്താത്തിയോസ്
മെത്രാപ്പോലീത്താ
49-ാം ഓർമ്മ


ഡോ. പൗലോസ്
മാർ ഗ്രീഗോറിയോസ്
മെത്രാപ്പോലീത്താ
21-ാം ഓർമ്മ


ഫിലിപ്പോസ്
മാർ തെയോഫിലോസ്
മെത്രാപ്പോലീത്താ
20-ാം ഓർമ്മ


സ്തെഫാനോസ്
മാർ തേവോദോസിയോസ്
മെത്രാപ്പോലീത്താ
10-ാം ഓർമ്മ


ഫിലിപ്പോസ്
മാർ യൗസേബിയോസ്
മെത്രാപ്പോലീത്താ
8-ാം ഓർമ്മ


ഇയ്യോബ്
മാർ പീലക്സിനോസ്
മെത്രാപ്പോലീത്താ
6-ാം ഓർമ്മ


മാത്യൂസ്
മാർ ബർന്നബാസ്
മെത്രാപ്പോലീത്താ
5-ാം ഓർമ്മ

## മലബാർ ഭദ്രാസനാധിപനായിരുന്ന
## അഭി. ഡോ. സഖറിയാസ് മാർ
## തെയോഫിലോസ് മെത്രാപ്പോലീത്തായ്ക്ക്



# പ്രാർത്ഥനാഞ്ജലികൾ

# പ്രദീപ്തി

വാല്യം: 7  ലക്കം: 3  ഫെബ്രുവരി 2018  ₹. 20





പ്രസാദം സെന്റർ
കോലഞ്ചേരി – 682 311
kandanadwest.org@gmail.com


## ദളങ്ങളിൽ


2 പത്രാധിപക്കുറിപ്പ്
ഫാ. ജോൺ കുര്യാക്കോസ്



3 കുഞ്ഞാടും ചെന്നായും പിന്നെ പാമ്പും പ്രാവും
ഡോ. മാത്യൂസ് മാർ സേവേറിയോസ്



5 സ്വർഗ്ഗീയ മാലാകമാർ
ഡോ. മാത്യൂസ് മാർ സേവേറിയോസ്



8 സ്ലീബാ നമസ്കാരത്തിന്റെ ഉത്ഭവം
ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്



10 സുവാർത്ത
സഖേർ



13 ഭദ്രാസനാധിപൻമാർ
ഫാ. ഡോ. ഒ. പി. വർഗീസ്



15 പ. ഔഗേൻ ബാവായുടെ ജീവിത രേഖ



16 മുളക്കുളം വലിയ പള്ളി ചരിത്ര നാളാഗമം
വെരി. റവ. പി.യു. കുര്യാക്കോസ് കോറെപ്പിസ്കോപ്പ



17 യുവജനപ്രസ്ഥാനം
മലങ്കര സഭാചരിത്രവും യുവജന പ്രസ്ഥാനവും
ലിന്റോ പോൾ ജേക്കബ്

18 സുറിയാനി ഭാഷാ പരിചയം
ഫാ. ഡോ. വർഗീസ് പി. വർഗീസ്

18 കവിത
എം.വി. ജോസഫ്



19 പ്രാർത്ഥനായോഗം
ദേവാലയം വിട്ട് പന്തലുകളിലേക്ക് ഓടുന്നോ?
വർഗീസ് കരിപ്പാടം



20 അർത്ഥന
ഡോ. ജെ.കെ.എസ്. വീട്ടൂർ

21 ആരാധനാഗീതങ്ങളുടെ അർത്ഥവും വേദപുസ്തക അടിസ്ഥാനവും
ഫാ. ഡോ. വർഗീസ് പി. വർഗീസ്




22 ബൈബിൾ ക്വിസ്
വെരി.റവ. പി.യു. കുര്യാക്കോസ് കോറെപ്പിസ്കോപ്പ




23 ഭദ്രാസന വാർത്തകൾ




### പത്രാധിപസമിതി

പ്രസിഡന്റ്
അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

വൈസ് പ്രസിഡന്റ്
റവ.ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

ചീഫ് എഡിറ്റർ
റവ. ഫാ. ജോൺ കുര്യാക്കോസ്

എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്
റവ. ഫാ. റ്റി.പി. കുര്യൻ
റവ. ഫാ. ഗീവർഗീസ് ജോൺ
റവ. ഫാ. സക്കറിയ ജോൺ
റവ. ഫാ. ലൂക്കോസ് തങ്കച്ചൻ
ഡോ. വി.എം. മാത്യു
ശ്രീ. പി.തോമസ്

സബ് എഡിറ്റർ
റവ. ഫാ. ഡോ. വർഗീസ് പി. വർഗീസ്

പബ്ലീഷർ
റവ. ഫാ. ഡോ. ഒ.പി. വർഗീസ്

ചീഫ് സർക്കുലേഷൻ മാനേജർ
റവ. ഫാ. എബ്രഹാം കെ. ജോൺ

സർക്കുലേഷൻ മാനേജർമാർ
റവ. ഫാ. ജോസഫ് മലയിൽ
റവ. ഫാ. കുര്യൻ ചെറിയാൻ
റവ. ഫാ. ഗീവർഗീസ് ജോൺസൺ
ശ്രീ. വർഗീസ് കരിപ്പാടം

ട്രഷറർ
റവ. ഫാ. യാക്കോബ് തോമസ്

ഓഫീസ് സെക്രട്ടറി
Br. ജിതിൻ മാത്യു ഫിലിപ്പ്

### ഉപദേശകസമിതി

വെരി.റവ. പി.യു. കുര്യാക്കോസ് കോറെപ്പിസ്കോപ്പ
റവ.ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്
റവ. ഫാ. ഡോ. ജേക്കബ് കുര്യൻ
റവ. ഫാ. എബ്രഹാം പാലപ്പിള്ളിൽ
റവ. ഫാ. സി.എം. കുര്യാക്കോസ്
റവ. ഫാ. ജോൺ വർഗീസ്
ഡോ. ജെ.കെ.എസ്. വീട്ടൂർ
റവ. ഫാ. ഡോ. ടി.ജെ. ജോഷ്വാ
റവ. ഫാ. ഡോ. കെ.എം. ജോർജ്ജ്
റവ. ഫാ. ജേക്കബ് കുര്യൻ ചെമ്മനം
ശ്രീ. ചെമ്മനം ചാക്കോ






**ഫാ. ജോൺ കുര്യാക്കോസ്**
ചീഫ് എഡിറ്റർ

**'നോമ്പ്'.** ക്രിസ്തുവിന്റെ ഹൃദയ വിചാരങ്ങളറിയാനും അവനെ സ്നേഹിക്കാനും ഒരുവനെ സഹായിക്കുന്ന സുവർണ്ണാവസരമാണ്. മതങ്ങളുടെ ചൈതന്യവത്തായ നിലനിൽപിനാധാരം നോമ്പും ഉപവാസവുമൊക്കെയാണ് എന്ന് പറഞ്ഞാൽ അത് തെറ്റായിരിക്കുകയില്ല. ക്രിസ്തീയത ലോകത്തിനു നല്കിയ അതിശ്രേഷ്ഠമായ പാഠങ്ങളിലൊന്ന് നോമ്പിന്റെ വെളിച്ചം തന്നെയാണ്. മരുഭൂമിയിൽ 40 ദിനരാത്രങ്ങൾ യേശുതമ്പുരാൻ നോമ്പുപവാസങ്ങളിലൂടെ കടന്നുപോയി എന്നതും വിശുദ്ധർ ഈ അനുഷ്ഠാനത്തിലൂടെ തങ്ങളുടെ ജീവിതത്തെ ക്രിസ്തുവിനോട് ഏകീഭവിപ്പിച്ചതും നോമ്പിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.

ഗുരു ശിഷ്യരോട് ഒന്നേ ആവശ്യപ്പെട്ടിട്ടുള്ളു; 'ഉണർന്നിരിന്ന് പ്രാർത്ഥിക്കുവിനെന്ന്'. ഈ നോമ്പ് കാലത്ത് നാം ചെയ്യേണ്ടതും മറ്റുള്ളവർക്ക് വേണ്ടി ചെയ്യുന്നതും ജീവിതത്തെ പ്രാർത്ഥനയുടെ ചിരാതാക്കി മാറ്റുക എന്നുള്ളതാണ്. ജ്ഞാനിയായ ശലോമോൻ പ്രാർത്ഥിച്ചതു പോലും തിരിച്ചറിവിനു വേണ്ടി മാത്രമായിരുന്നു. ഈ കാലത്ത് സമൂഹത്തിൽ നടക്കുന്ന എല്ലാ അധമ പ്രവർത്തനങ്ങളിലും ആരുടെയൊക്കയോ അജ്ഞത കാരണമാകുന്നുണ്ട്. ഏതൊരു കാര്യവും അതിന്റെ ശരിയായ രീതിയിൽ അനുവർത്തിക്കുവാൻ തിരിച്ചറിവിന്റെ ആത്മാവ് നമുക്കാവശ്യമാണ്. ഈ തിരിച്ചറിവാണ് ഓരോരുത്തരുടേയും ഗുണമേന്മ നിശ്ചയിക്കുന്നത്. നന്മകളാൽ പൊതിയപ്പെട്ട ദൈവമാണ് മനുഷ്യൻ. മനുഷ്യശരീരം ദൈവത്തിന്റെ ആലയമാണെന്ന ക്രിസ്തുവിന്റെ വാക്കുകളുടെ ഒരു പരാവർത്തനം തന്നെയിത്. തന്നെത്തന്നെയും മറ്റുള്ളവരെയും ആദരവോടെ കാണാനുള്ള ക്ഷണവും ഗൗരവപൂർവ്വം പാലിക്കേണ്ടതാണ്. അത് ആർജ്ജിക്കാൻ ഈ നോമ്പ് ഉപകരിക്കണം.

ദൈവം ഒരനുഭവമാണ്. ഒന്നിനെക്കുറിച്ചും വിചാരപ്പെടേണ്ട എന്ന ഓർമ്മപ്പെടുത്തൽ നല്കി അരികത്തുണ്ട്, സങ്കടങ്ങൾ പങ്കുവയ്ക്കുക എന്നോർമ്മിപ്പിച്ച്, നന്ദി അർപ്പിക്കേണ്ട എണ്ണമറ്റ അനുഗ്രഹങ്ങളെ ഓർമ്മിപ്പിച്ച്, ദൈവം നമ്മുടെ കൂട്ടിനുണ്ട് ഈ തീർത്ഥാടനത്തിൽ, ഇനി ഉപവസിക്കേണ്ട ദിനങ്ങളാണ്. നമ്മിൽ ഒരു മരുഭൂമി രൂപപ്പെടുത്തുകയാണ് ഉപവാസത്തിന്റെ ധർമ്മം, ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയ്ക്കു ഒരുക്കം നടത്തിയത് നാല്പത് ദിവസം മരുഭൂമിയിൽ ചിലവഴിച്ചായിരുന്നു. ഭക്ഷണമുപേക്ഷിക്കുക മാത്രമല്ല ഉപവാസം; മൗനത്തിലൂടെ ദൈവസ്വരം കേൾക്കാനുള്ള ശ്രമം, ദൈവവചനം അനുസരിച്ച് ജീവിക്കുവാനുള്ള ക്ഷണം, ഹൃദയപൂർവ്വം പലതിനോടും അരുത് എന്ന് പറയുവാനുള്ള ആത്മവിശ്വാസം ഇതെല്ലാം കൂട്ടിചേർത്താണ് തിന്മക്കെതിരെ പോരാടുവാനുള്ള ആയുധമായിട്ട് ഉപവാസത്തെ നിർവ്വചിച്ചത്. ഇത് പരിശുദ്ധാത്മാവിന്റെ നിറവാണ്- പരിശുദ്ധാത്മാവിന് ദൈവത്തിന്റെ ഊർജ്ജം എന്നൊരർത്ഥമുണ്ട്. ശ്രീബുദ്ധൻ പറയുന്നു 'മനോനിറവ്' എന്ന്. ഒരാൾ മനോനിറവുള്ളവനാകുമ്പോൾ വർത്തമാന കാലത്തിൽ പരിസരത്തെ വിമിലീകരിക്കുകയാണ്. നോമ്പ് ഒരു വാതിലാണ്. മനോനിറവിലേയ്ക്കാണ് ആ വാതിൽ തുറക്കപ്പെടുന്നത്. അപ്പോഴാണ്, കരുണയും, സമാധാനവും, മൈത്രിയും, സ്നേഹവുമൊക്കെ നമ്മിൽ നിറയുന്നത്.

*ശേഷം....... പേജ് 4*



# കുഞ്ഞാടും ചെന്നായും പിന്നെ പാമ്പും പ്രാവും

*"ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ". വി. മത്തായി 10:16*

യേശുക്രിസ്തു തന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരെ ദൈവരാജ്യം സുവിശേഷിപ്പാൻ നിയമിച്ചയച്ചപ്പോൾ അവർക്കു നല്കിയ പട്ടാഭിഷേക സന്ദേശമാണ് വി.മത്തായിയുടെ സുവിശേഷം പത്താമദ്ധ്യായം. അപ്പോസ്തോലന്മാരുടെ സ്ഥാനവും ഉത്തരവാദിത്തങ്ങളും എടുത്തുകാട്ടുകയും സ്ഥാനത്തിനടുത്ത ശ്രേഷ്ഠത പുലർത്തേണ്ടതിന്റെ ആവശ്യകതയും ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിൽ 16 മുതൽ 42 വരെയുള്ള വാക്യങ്ങളിൽ സുവിശേഷ ദൗത്യനിർവ്വഹണത്തിൽ ദൈവരാജ്യ വേലക്കാർ എന്ന നിലയിൽ അവർക്കു നേരിടേണ്ടിവരുന്ന കഷ്ടതകളെ മുന്നറിയിക്കുകയും ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നുമുണ്ട്. ക്രിസ്തു കൂടെയുണ്ടായിരുന്നപ്പോൾ അവർക്ക് പീഡനകളൊന്നും ഏൽക്കേണ്ടി വന്നിട്ടില്ല. കടലിലെ ആപത്തിലും ഭക്ഷണ ദൗർലഭ്യം നേരിട്ടപ്പോഴും അവരെ സഹായിക്കുവാൻ ക്രിസ്തു കൂടെ ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ ഉയിർപ്പും സ്വർഗ്ഗാരോഹണവും കഴിഞ്ഞാണ് യഥാർത്ഥത്തിൽ അവർ ദൈവരാജ്യത്തിനുവേണ്ടി കഷ്ടപ്പാടുകൾ അനുഭവിക്കുവാനും പീഡയേൽക്കുവാനും തുടങ്ങിയത്. ദൈവരാജ്യത്തിലെ രാജ്യപുത്രന്മാരെന്ന നിലയിൽ ശ്രേഷ്ഠത കൈവരിക്കുന്നത് പീഡകളിൽ കൂടിയാണ് എന്ന് സ്വന്ത സാദൃശ്യം കാട്ടി ക്രിസ്തു അവരെ പഠിപ്പിച്ചു. കഷ്ടതകളും പീഢനങ്ങളും അവരുടെ വിശ്വാസത്തിന് ആഘാതമാവരുതെന്നും നേരെമറിച്ച് വിശ്വാസ സ്ഥിരതയ്ക്കുള്ളതാണെന്നു കരുതണമെന്നും നിർദ്ദേശം നല്കി.

കടിച്ചു കീറുന്ന ചെന്നായ്ക്കളുടെ നടുവിൽ പിച്ചിക്കീറപ്പെടുകയെന്നല്ലാതെ എന്താണ് കുഞ്ഞാടിന് പ്രതീക്ഷിക്കുവാനുള്ളത്? പക്ഷെ കരുതുന്നവനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം അവയ്ക്കെന്നും തുണയായിരിക്കുമെന്നതിനു സംശയമില്ല. എന്നാൽ അവർ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിഷ്ക്കളങ്കരും ആയിരിക്കണമെന്ന ഉപദേശം ശ്രദ്ധേയം തന്നെ. മറ്റുള്ളവരെ വഞ്ചിക്കുന്ന കുറുക്കന്റെ കൗശലബുദ്ധിയല്ല സ്വയം സംരക്ഷിക്കുവാൻ ബുദ്ധിപുർവ്വം നീങ്ങുന്ന പാമ്പിന്റെ ബുദ്ധിയാണിവിടെ വിദിതം.

മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കരയുടെ മക്കൾ പല പിച്ചിച്ചീന്തലുകൾക്കും വിധേയമായ ചരിത്രം ആരും വിസ്മരിക്കുകയില്ല. ഒന്നായിരുന്ന തോമാശ്ലീഹായുടെ

മക്കൾ വിവിധ കൂടുകളിൽ ചേക്കേറിയതിന്റെ കാരണങ്ങൾ എല്ലാവർക്കും നന്നായി അറിവുള്ളതാണ്. ഈ പീഡനങ്ങളിൽ കൂടി കടന്നുപോകുവാൻ തോമ്മായുടെ മാർഗ്ഗക്കാർക്ക് ഇടയായത് ദൈവഹിതമായിരിക്കാം. മറ്റൊരു ക്രൈസ്തവസഭയ്ക്കും ഈ ദുർവിധി ഉണ്ടാകാതിരിക്കുവാൻ പ്രാർത്ഥിക്കാം. ആടിന്റെ കഴിവില്ലായ്മയും പ്രാവിന്റെ ആക്രമണ പ്രതിരോധമില്ലായ്മയും മലങ്കര സഭാ മക്കളുടെ സ്വഭാവമായിരുന്നത് ഒരു ദൗർബല്യമായിരുന്നുവെന്നു തോന്നാം. എങ്കിലും മലങ്കരസഭകളെ ന്നും മാർ തോമാ പൈതൃകത്തിൽ തുടർന്നും വിളങ്ങിക്കൊണ്ടിരിക്കുന്നത്, കരുതുന്ന ക്രിസ്തുവിന്റെ കാരുണ്യം ഒന്നുകൊണ്ടുമാത്രമാണ്.

ആരെയും കടന്നാക്രമിക്കാത്ത പ്രാവാണ് ഇന്നും മലങ്കരസഭ. മറ്റെല്ലാ വിദേശ സഭകളാലും പിച്ചിച്ചീന്തപ്പെട്ടതാണ് തോമ്മായുടെ മക്കൾ. പക്ഷെ പാമ്പിനെപ്പോലെ ബുദ്ധിയുണ്ടായിരുന്ന ചേപ്പാട്ട് പീലിപ്പോസ് മാർ ദീവന്നാസ്യോസും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമനും വട്ടശ്ശേരിൽ പ.ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമനും ഈ സഭയുടെ തനിമയും സ്വാതന്ത്ര്യവും എന്നും കാത്തുസൂക്ഷിക്കുവാൻ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിഷ്ക്കളങ്കരുമായി പ്രവർത്തിച്ച, മലങ്കരസഭയുടെ ജ്യോതിർ ഗോളങ്ങളാണ്.

ചെന്നായ്ക്കളെയും കുറുക്കന്മാരെയും തിരിച്ചറിയുവാൻ മലങ്കരസഭാ മക്കൾക്കു കഴിയണം. മലങ്കരസഭയ്ക്കു അരക്കിട്ടുറപ്പിച്ചു കിട്ടിയ സ്വാതന്ത്ര്യത്തിന്റെയും തനിമയുടെയും കഴുത്തറക്കപ്പെടുവാൻ ഇനിയും ആരെയും അനുവദിക്കരുത്. മലങ്കര സഭയുടെ 1934 ലെ ഭരണഘടനയനുസരിച്ച് മലങ്കരസഭയിൽ ഒന്നായിച്ചേരുവാൻ എല്ലാവർക്കും സാധിക്കും. എന്നാൽ അതിന്റെ അന്തസത്ത അടിയറവച്ചുകൊണ്ട് എന്തു നഷ്ടമായാലും മലങ്കരസഭാ സമാധാനം വേണമെന്ന അപകടത്തെ മനസ്സിലാക്കുവാൻ നമുക്ക് പാമ്പിനെപ്പോലെ ബുദ്ധിയും പ്രാവിനെപ്പോലെ നിഷ്ക്കളങ്കരും ആകാം. 1934 ലെ മലങ്കരസഭാ ഭരണഘടനയുടെ അടിസ്ഥാനത്തിലുള്ള ഒരു പ്രക്രിയയിൽക്കൂടി അല്ലാതെ ആരും മലങ്കരസഭയിൽ നുഴഞ്ഞുകയറാൻ ഇടവരരുത്.

⌖

---

*തുടർച്ച ....... പേജ് 2*

നാമൊന്നു മനസ്സുവച്ചാൽ പരിസരത്തെ സുന്ദരമാക്കാൻ കഴിയും. കരുവാളിച്ച മുഖവും, വിങ്ങുന്ന മനസ്സും, വിശക്കുന്ന വയറുമൊക്കെയുണ്ട് തൊട്ടടുത്തു തന്നെ. അവിടെയൊക്കെ മനസ്സാക്ഷി ഉണരണം. ക്രിസ്തു രണ്ടാമതൊരിക്കൽ പലസ്തീനിൽ വരുന്നതിനെപ്പറ്റി ഇങ്ങനെ ഒരു കഥയുണ്ട്. താൻ തെരുവീഥിയിലൂടെ നടക്കുമ്പോൾ ഒരുവൻ മദ്യപിച്ച് ലക്കുകെട്ട് വഴിയിൽ കിടക്കുന്നു. അടുത്തു ചെന്നപ്പോഴാണ് ക്രിസ്തു അറിയുന്നത് താൻ പണ്ട് സുഖപ്പെടുത്തിയ കുഷ്ഠരോഗിയാണതെന്ന്. കുറച്ചു കഴിഞ്ഞപ്പോൾ ഒരുവൻ ഗണികയുടെ പിന്നാലെ പോകുന്നത് കണ്ടു. അത് അവൻ കാഴ്ചകൊടുത്ത അന്ധനായിരുന്നു. പിന്നെ കണ്ടത് നിരത്തിന്റെ മൂലയിൽ ഇരുന്നു കരയുന്ന ഒരുവനെയാണ്. അവൻ ലാസറായിരുന്നു. ക്രിസ്തു അവനെ പിടിച്ച് എഴുന്നേൽപ്പിച്ച് ചോദിച്ചു; ''എന്താ ലാസർ, നീ എന്തിനു കരയുന്നു''. അപ്പോൾ ലാസർ തിരിച്ചു ചോദിക്കുന്നു; ''കർത്താവേ നീ എന്തിന് എന്നെ വീണ്ടും ജീവിപ്പിച്ചത്. ഈ ജീവിതം കൊണ്ടു ഞാനെന്തു ചെയ്യാനാ''. ക്രിസ്തുവിനെ വല്ലാതെ നിരാശപ്പെടുത്തി ആ ചോദ്യം. പല രീതിയിൽ ഇതേ ചോദ്യം നാം ആവർത്തിക്കുന്നു എന്നതല്ലേ സത്യം. ഈ നോമ്പിൽ ഈ ജീവിതം ക്രിസ്തുവിന്റെ ജീവിതത്തിന്റെ പകർപ്പാക്കാൻ ശ്രമിക്കാം..

❖



# സ്വർഗ്ഗീയ മാലാകമാർ



ഡോ. മാത്യൂസ് മാർ
സേവേറിയോസ്
മെത്രാപ്പോലീത്ത

## ദൂതസംഘശ്രേണി

വി.വേദപുസ്തകത്തിൽ മാലാകമാരുടെ ലോകം വളരെ ബൃഹത്താണെന്ന് കാണുന്നു. അവർ പതിനായിരം പതിനായിരങ്ങളെന്ന് ദാനിയേലും (7.10) വലിയൊരു സ്വർഗ്ഗീയ സൈന്യമെന്ന് വി. ലൂക്കോസും (2.13) നെഹമ്യാവും (9.6) രേഖപ്പെടുത്തി. സ്വർഗ്ഗലോകവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് അതിശയമല്ലെന്നും ലോകം സ്വർഗ്ഗലോകത്തിന്റെ ഒരു പൊട്ടിന്റെ വലിപ്പമേ ഉള്ളുവെന്നും ആയതിനാൽ സ്വർലോകത്തിലെ മാലാകമാരുടെ എണ്ണവും നിരകളും നമുക്കു അഗോചരമാണെന്നും യെറുശലേമിലെ വി. കൂറിലോസ് (+ 386) സാക്ഷിക്കുന്നു (1 തെസ്സ. 4.16, യൂദ. 9). ആധുനിക വാനനിരീക്ഷണശാസ്ത്രം ഈ വീക്ഷണത്തെ അടിവരയിടുന്നു. ഭൂമിയുൾപ്പെടുന്ന സൗരയൂഥത്തെക്കാൾ വലുതും വിസ്തൃതവും അനേകഗ്രഹങ്ങളുമുള്ള കോടാനുകോടി നക്ഷത്രങ്ങൾ സൗരയൂഥത്തിലുണ്ടെന്ന ആധുനിക കണ്ടുപിടിത്തം 17 നൂറ്റാണ്ടുകൾക്കു മുമ്പു പിതാക്കന്മാർ പറഞ്ഞ സത്യത്തെ ഊട്ടിയുറപ്പിക്കുന്നതാണ്.

അരോയപഗയിലെ ദീവന്നാസ്യോസ് (5-6 നൂറ്റാണ്ട്) സ്വർഗ്ഗീയ മാലാകമാരുടെ ശ്രേണിയിൽ ഒമ്പത് വൃന്ദം മാലാകമാരെ ഉൾപ്പെടുത്തുന്നുണ്ട്. മൂന്ന് പ്രധാന ശ്രേണികളും അവയ്ക്ക് ഓരോന്നിനും മൂന്ന് ഉപശ്രേണികളുമായി മാലാഖമാരെ ഉൾപ്പെടുത്തുന്നു. എഫേ. 6.12, കോലോ. 1.16 എന്നീ വേദഭാഗങ്ങൾ ഇതിന് ആധാരമായി കണക്കാക്കപ്പെട്ടു.

ഒന്നാം ശ്രേണി - ദൈവത്തോട് ഏറ്റം അടുത്തു നിൽക്കുന്നവർ

1. സിംഹാസനങ്ങൾ (Thrones)
2. ക്രൂബേന്മാർ (Cherubim)
3. സ്രാപ്പേന്മാർ (Seraphim)

രണ്ടാം ശ്രേണി -മദ്ധ്യനിലയിലുള്ളവർ.

1. കർത്തൃത്വങ്ങൾ (Dominions)
2. അധികാരങ്ങൾ (Authorities)
3. ശക്തികൾ (Powers)

മൂന്നാം ശ്രേണിയിലുള്ളവർ മനുഷ്യരോടും സൃഷ്ടിക്കപ്പെട്ട ലോകത്തോടും അടുത്തു നിൽക്കുന്നവർ

1. മാലാകമാർ (Angels)
2. പ്രധാന മാലാകമാർ (Arch Angels)
3. വാഴ്ചകൾ (Principalities)

അപ്പോസ്തോലന്മാരുടെ ഉപദേശങ്ങളിലും ഇഗ്നാത്തിയോസ് നൂറോനോ, നാസ്സിയാൻസിലെ വി. ഗ്രീഗോറിയോസ്, സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ് എന്നീ ആദ്യകാല സഭാപിതാക്കന്മാരുടെ ഉപദേശങ്ങളിലും ഒമ്പതു വൃന്ദം മാലാകമാരെക്കുറിച്ചു പരാമർശമുണ്ട് വേദപുസ്തകത്തിൽ.

1. ക്രൂബേന്മാർ
   (ഉല്പ.3, സങ്കീ. 80, 99; യഹസ്കേൽ. 10)
2. സ്രാപ്പേന്മാർ (ഏശാ. 6)
3. ശക്തികൾ (എഫേ. 1, റോമ. 8)
4. സിംഹാസനങ്ങൾ, വാഴ്ചകൾ, അധികാരങ്ങൾ (കൊലോ. 1, എഫേ. 1, 3)
5. പ്രധാന മാലാകമാർ (1 തെസ്സ.4; യൂദാ. 9)

6. മാലാകമാർ (1 പത്രോസ് 3, റോമ 8, കൂടാതെ അനവധി പുസ്തകങ്ങളിലും)

സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ് തുടങ്ങി നാലാം നൂറ്റാണ്ടിലെ സഭാ പിതാക്കന്മാരെല്ലാം ഒമ്പതു വൃന്ദം മാലാകമാർ എന്നത് ഒരു നിശ്ചിത ശ്രേണിയല്ലെന്നും മറ്റനേകം സംഖ്യാതീതമായ നിരകളും കൂട്ടങ്ങളും മാലാഖമാരുടെ ഗണത്തിലുണ്ടെന്നും അവ നമുക്കു കൂടുതലായി അറിയുവാനിരിക്കുന്നതേയുള്ളുവെന്നും അഭിപ്രായപ്പെടുന്നു. എല്ലാ നാമങ്ങളും എന്ന് സ്വർഗ്ഗീയ ശക്തികളെക്കുറിച്ച് വി. പൗലൂസ് ശ്ലീഹാ പറയുന്നത് (എഫേ. 1.20-21) ഈ അർത്ഥത്തിൽ മനസ്സിലാക്കാം. ഇതിൽ നിന്നെല്ലാം സ്വർഗ്ഗീയ മാലാകമാരുടെ ഗണങ്ങളും നിരകളും സ്ഥിതിചെയ്യുന്നുവെങ്കിലും അവ വളരെ രഹസ്യതലങ്ങളിൽ മനുഷ്യജ്ഞാനത്തിനതീതമാണെന്ന് വ്യക്തം. ദൈവം സൃഷ്ടിച്ച ഈ അദൃശ്യ ശക്തികളെ പരിപൂർണ്ണമായി അറിയുന്നത് ദൈവം മാത്രമാണ്. ദൈവം വെളിപ്പെടുത്തിയിട്ടുള്ളിടത്തോളം മാത്രമേ നമുക്കറിയാവൂ.

പൗരാണിക പാരമ്പര്യത്തിലും വേദപുസ്തകത്തിലും ഏതാനും ശ്രേഷ്ട മാലാകമാരെക്കുറിച്ചുകൂടി പറയുന്നുണ്ട്.

1. മീഖായേൽ (അർത്ഥം - ദൈവത്തെപ്പോലെ ആരുള്ളൂ. ദാനി.10.13, 12:1; യൂദ.9; വെളി. 12.7-8)
2. ഗബ്രിയേൽ (ദൈവത്തിന്റെ മനുഷ്യൻ - ദാനി. 8.16; 9.21; ലൂക്കോ.1.19-26)
3. റഫായേൽ (ദൈവസഹായം) (തോബീത്ത്. 3.17, 12.15)
4. ഉറിയേൽ (ദൈവത്തിന്റെ അഗ്നി) (2 എസ്ട്രാസ് 4.36, 4.1)
5. ജറമീയേൽ (ദൈവത്തിന്റെ കരുണ) (2 എസ്ട്രാസ് 4.36, 4.1)
6. ശലാത്തിയേൽ (ദൈവത്തിന്റെ പ്രാർത്ഥന) (2 എസ്ട്രാസ് 5.16)
7. ഫാൽത്തിയേൽ (പ്സാൽത്തിയേൽ) (2 എസ്ട്രാസ് 5.16)
8. യെഹൂദിയേൽ (ദൈവസ്തുതി-യഹൂദ പാരമ്പര്യം)
9. ബറാക്കിയേൽ (ദൈവത്തിന്റെ അനുഗ്രഹം-യഹൂദ പാരമ്പര്യം)

എന്നാൽ ഇവയിൽപ്പെട്ട പ്രധാന ഏഴ് ആത്മാക്കൾ ദൈവസിംഹാസത്തിനു മുമ്പിൽ നിൽക്കുന്നു (വെളി. 1.4)

## മാലാകമാരുടെ ശുശ്രൂഷ

ആത്മീകലോകത്തിൽ ഈ മാലാകമാരുടെ ആവശ്യകത എന്താണ്? ദൈവത്തിന്റെ മഹത്വവും ഔന്നത്യവും പ്രതിഫലിപ്പിക്കുന്നതിനും തന്റെ ആനന്ദം പങ്കിടുന്നതിനും വേണ്ടിയാണ് മാലാകമാർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. കാണപ്പെടുന്ന ആകാശം ദൈവമഹത്വത്തെ വിളംബരം ചെയ്യുന്നുവെങ്കിൽ അദൃശ്യ ആകാശം ദൈവമഹത്വത്തെ എത്ര മാത്രം ശ്രേഷ്ഠമാക്കുന്നുവെന്ന് ചിന്തിക്കാവുന്നതേയുള്ളു. പൂർണ്ണപ്രകാശമാകുന്ന ദൈവത്തിന്റെ (സൂര്യൻ) പ്രതിഫലനങ്ങളെന്നോ ഉപപ്രകാശങ്ങളെന്നോ അവരെ വിശേഷിപ്പിക്കാമെന്ന് നാസ്സിയാൻസിലെ വി.ഗ്രീഗോറിയോസ് രേഖപ്പെടുത്തുന്നു. മനുഷ്യരോട് കൂടുതൽ അടുത്തു പ്രവർത്തിക്കുന്ന മാലാകമാരെ ദൈവഹിതത്തിന്റെ ദൂതന്മാരെന്നും അറിയിപ്പുകാരെന്നും കാഹളമെന്നും ഒക്കെ വിശേഷിക്കുന്നു. കൂടാതെ മനുഷ്യരുടെ രക്ഷാസഹായികളെന്നും നായകരെന്നും വിശേഷിപ്പിക്കുന്നതിലും തെറ്റില്ല. ദൂതന്മാർ അവരൊക്കെയും രക്ഷപ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ എന്ന് വി.പൗലൂസ് ശ്ലീഹ രേഖപ്പെടുത്തിയത് (എബ്രാ. 1.14) ഈ അർത്ഥത്തിലായിരിക്കണമല്ലോ.

മാലാകമാർ ദൈവസ്തുതി നടത്തുന്നവർ മാത്രമല്ല, ഭൗതിക ലോകത്തിന് ദൈവം കൊടുക്കുന്ന കരുതലിന്റെ ശുശ്രൂഷകർ കൂടിയാണ്. അവരിൽ ചിലർ ദൈവസിംഹാസനത്തിനു ചുറ്റും നിൽക്കുമ്പോൾ മറ്റു ചിലർ സർവ്വലോകത്തെയും സഹായിക്കുന്നതിൽ വ്യാപൃതരായിരിക്കുന്നുവെന്ന് നാസ്സിയാൻസിലെ വി. ഗ്രീഗോറിയോസ് (Songs of the Mysteries) രേഖപ്പെടുത്തി. ആകാശത്തിലും ഭൂമിയിലുമുള്ള സർവ്വ ജീവികളുടെയും കാര്യങ്ങൾക്ക് പ്രത്യേക നിയോഗത്തോടെ ദൈവത്താൽ ക്രമീകരിക്കപ്പെട്ടവരാണ് മാലാകമാർ എന്ന് വി. അത്തനാ

ഗോറസും സമർത്ഥിക്കുന്നു. അവരെയെല്ലാവരെയും ദൈവം പ്രപഞ്ചത്തിലെ ഓരോ സ്ഥലത്തിന്റെയോ വസ്തുവിന്റെയോ വ്യക്തിയുടെയോ ഉത്തരവാദിത്തം ദൈവം മാത്രം അറിയുന്നരീതിയിൽ ക്രമീകരിച്ചിരിക്കയാണെന്നും എല്ലാത്തിന്റെയും സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിന്റെ ലക്ഷ്യമനുസരിച്ചാണ് അവർ പ്രവർത്തിക്കുന്നതെന്നും നാസ്സിയാൻസിലെ വി. ഗ്രിഗോറിയോസ് അഭിപ്രായപ്പെടുന്നു. പൗരാണിക ക്രിസ്തീയ സഭയിലെ ഒറിഗൻ, ആഗസ്തീനോസ് എന്നിവർ ദൈവരാജ്യത്തിന്റെ ഓരോ പ്രവർത്തനസംഗതികൾക്കായി ഓരോരോ വിഭാഗം മാലാകമാരെ ദൈവം നിയോഗിച്ചിട്ടുണ്ടെന്ന് പഠിപ്പിച്ചു. ജലാധിപതിയായ ദൂതൻ (വെളി.16.5) നാലുകാറ്റുപിടിച്ചുകൊണ്ടു വരുന്ന ദൂതൻ (വെളി.7.1) തീയുടെ മേൽ അധികാരമുള്ള ദൂതൻ (വെളി. 14.18) രാജാക്കന്മാരുടെയും ജനങ്ങളുടെയും ദൈവവിധി നടപ്പാക്കുവാൻ നിയോഗിക്കപ്പെട്ട ദൂതർ (ദാനി.10-12) എന്നീ വേദഭാഗങ്ങൾ ഇക്കാര്യം സമർത്ഥിക്കുന്നു. വി. മത്തായി 18-10,11 ന്റെ അടിസ്ഥാനത്തിൽ ഓരോ വ്യക്തിക്കും ഓരോ സംരക്ഷക ദൂതൻ (Guardian Angel) ഉണ്ടെന്നത് സഭയുടെ ഒരു പൗരാണിക പഠിപ്പിക്കലാണ്.

## സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി നെച്ചൂർ



കൊല്ലവർഷം 630-ാമാണ്ടിൽ അറക്കൽ കൈമളോട് പാലങ്കണ്ണായി കുടുംബക്കാർ ആനക്കോലാൽ 100 കോൽ സമചതുരം സ്ഥലം തീറെഴുതി വാങ്ങി പിറവം പള്ളിയിൽ നിന്നും മാറി സ്ഥാപിച്ചതാണ് ഈ പള്ളി. ഇതു സംബന്ധിച്ച് ലഭ്യമായിട്ടുള്ള രേഖ ഇപ്രകാരമാണ്. "കൊല്ലം 630-ാമാണ്ട് വൃശ്ചികം രാശി അമരപക്ഷേ എഴുതിയ തീറോലകരമാവിത്. മഹാദേവർ പട്ടണം മുതലാകേ നെച്ചൂർ ദേശത്ത് കുടിയിരിക്കും പാലങ്കണ്ണായി ചാക്കോ അവിരായിക്ക് അറക്കൽ പ്രബു കൃഷ്ണബാല കൈമൾ ദാനമായി എഴുതിക്കെടുത്താൻ ഈശ്വരാലയം പണിയുവാൻ തേക്കും കൂടി ഉൾപ്പെട്ട ദേശത്ത് ആനക്കോലാൽ 100 കോൽ സമചതുരം വരുന്ന സ്ഥലത്തിൽ നിന്ന് എല്ലാ മരങ്ങളും വെട്ടി ഈശ്വരാലയത്തിന് എടുത്തും, പണിനടത്തിയും ആലയം തീർക്കുന്നതിനും ആരാധന ചെയ്യുന്നതിനും മറ്റെപേർപ്പെട്ടതെല്ലാം നടത്തുന്നതിനും ഇതിനാൽ ഞാൻ അനുവദിച്ചിരിക്കുന്നതുകൊണ്ട് ഈ തീറോലകരണം എഴുതിക്കൊടുത്താൻ".

പ്രബു കൃഷ്ണബാല കൈമകൾ (ഒപ്പ്)

ഇതിനു സാക്ഷി:

1. മേക്കാട് നായാട്ടുപേയ്ക്കൽ ഈശ്വരൻ ഗോവിന്ദൻ (ഒപ്പ്)
2. കൈപ്പാറയിൽ കണ്ടൻ ഇക്കോരൻ (ഒപ്പ്)

ഈ പള്ളി സ്ഥാപിക്കുന്ന കാലത്ത് കാക്കൂർ മുതൽ പടിഞ്ഞാറോട്ടുള്ള രാജ്യവിഭാഗങ്ങളുടെ ആധിപത്യം കൊച്ചി രാജാവിനായിരുന്നു. പുരാതനമായ പാലങ്കണ്ണായി കുടുംബത്തിൽ നിന്നുമുള്ള ശാഖകൾ നെച്ചൂർ, പിറവം, മുളന്തുരുത്തി, കണ്ടനാട്, കരിങ്ങാച്ചിറ, ആലക്കുന്നം, ഓണക്കൂർ, മാമലശ്ശേരി, ഏനാനെല്ലൂർ, നെടുവക്കാട്, നടമേൽ, കാക്കൂർ, മലബാർ തുടങ്ങിയ സ്ഥലങ്ങളിൽ വ്യാപിച്ചു കിടക്കുന്നു. പള്ളിയിലെ പ്രധാന പെരുന്നാളായ മൂന്ന്നോമ്പ് പെരുന്നാളും കറി നേർച്ചയും വളരെ പ്രസിദ്ധമാണ്. ഇപ്പോൾ ഈ ദേവാലയത്തിന്റെ വികാരിയായി ഫാ. ജോസഫ് മലയിൽ സേവനമനുഷ്ഠിക്കുന്നു.





ഫാ. ഡോ. ജോൺസ്
എബ്രഹാം കോനാട്ട്

# "സ്ലീബാ നമസ്ക്കാര"ത്തിന്റെ ഉത്ഭവം

"സ്ലീബാ നമസ്ക്കാരം" എന്ന പദം മലങ്കര സഭയിൽ എല്ലാവർക്കും സുപരിചിതമാണ്. എന്നാൽ വാസ്തവത്തിൽ അങ്ങിനെയൊരു പ്രാർത്ഥന സുറിയാനിപാരമ്പര്യത്തിൽ ഉണ്ടോ? സ്ലീബാ പെരുന്നാളിലെ പെങ്കീസാ നമസ്ക്കാരത്തിന് ഒരുപക്ഷെ അങ്ങനെയൊരു പേരു നൽകാമായിരിക്കാം എന്നല്ലാതെ സ്ലീബാ പെരുന്നാൾ മുതൽ ഉയിർപ്പ് പെരുന്നാൾ വരെയുള്ള ഞായറാഴ്ചകളിലും, എല്ലാ മാറാനായ പെരുന്നാളുകളിലും ഉപയോഗിക്കുന്ന പ്രാർത്ഥനകളെ "സ്ലീബാ നമസ്ക്കാരം" എന്നു വിളിക്കുന്നതിൽ അർത്ഥമില്ല. ശ്ഹീമാ നമസ്ക്കാരത്തിലെ ബുധനാഴ്ചത്തെ പ്രാർത്ഥനകൾക്ക് പെരുന്നാളുകളിലെ പ്രാർത്ഥനകളുടെ പ്രത്യേകതകൾ കൂട്ടിച്ചേർത്താണ് "സ്ലീബാനമസ്ക്കാരം" എന്ന ഓമനപ്പേര് നൽകിയിരിക്കുന്നത്. ഇതിന്റെ ഉത്ഭവം മനസിലാകണമെങ്കിൽ സുറിയാനി ആരാധനാക്രമങ്ങൾ നമ്മുടെ നാട്ടിൽ പ്രചരിച്ചതിന്റെ ചരിത്രം അൽപ്പം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

17-ാം നൂറ്റാണ്ടുമുതൽ പടിഞ്ഞാറൻ സുറിയാനി പാരമ്പര്യങ്ങൾ മലങ്കരയിൽ വന്നത് ക്രമേണയാണെന്ന വസ്തുത ഓർക്കണം. യാമ പ്രാർത്ഥനകളിൽ ഏറ്റവും ആദ്യം നാട്ടിലെത്തിയത് ബുധനാഴ്ച നമസ്ക്കാരം മാത്രമാണ്. നമ്മുടെ പിതാക്കന്മാർ അതുതന്നെ ഞായറാഴ്ച ഉൾപ്പെടെ ആഴ്ചയിലെ എല്ലാ ദിവസങ്ങളിലും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ശ്ഹീമാ നമസ്ക്കാരം മുഴുവനായി നാട്ടിലെത്തിയപ്പോഴും കൃംതായുടെ പ്രാർത്ഥനകൾ അക്കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. ഇടവഴിക്കൽ പീലിപ്പോസ് കോറിയുടെ കല്ലച്ചിൽ 1861 ൽ അച്ചടിച്ച ആദ്യത്തെ ശ്ഹീമാ നമസ്ക്കാരം തന്നെയാണ് ഇതിന്റെ തെളിവ്. അതിൽ തിങ്കൾ മുതൽ ശനിവരെയുള്ള പ്രാർത്ഥനകൾ മാത്രമേയുള്ളു. 18, 19 നൂറ്റാണ്ടുകളിൽ നമ്മുടെ നാട്ടിൽ പകർത്തിയെഴുതിയ കൈയെഴുത്തുപ്രതികളിലും കൃംതാനമസ്ക്കാരം കാണുന്നില്ല. ശ്ഹീമാ നമസ്ക്കാരം മുഴുവനായി (കൃംതാ ഒഴികെ) മലങ്കരയിൽ എത്തിയശേഷവും, ഞായറാഴ്ച വീണ്ടും ബുധനാഴ്ച നമസ്ക്കാരം തന്നെ ഉപയോഗിച്ചുകൊണ്ടിരുന്നു. കൃംതായുടെ നമസ്ക്കാരം പെങ്കീസ പുസ്തകത്തിന്റെ ഭാഗമാണ് എന്നുള്ളതിനാലാവണം ശ്ഹീമാ നമസ്ക്കാരത്തിന്റെ കൂടെ അത് കാണാതിരുന്നത്.

പെങ്കീസ എന്നാൽ "എഴുത്തുപലക, പുസ്തകം" എന്നെല്ലാമാണ് പദത്തിന്റെ അർത്ഥം. ആണ്ടടക്കമുള്ള എല്ലാ പ്രത്യേക പെരുന്നാളുകൾക്കും, ഞായറാഴ്ചകൾക്കും ക്രമീകരിച്ചിട്ടുള്ള ഏഴുനേരത്തെയും പ്രത്യേക

പ്രാർത്ഥനകൾ അടങ്ങുന്ന പുസ്കമാണ് പെങ്കീസ. അതിന്റെ പ്രുമിയോനുകൾ നേരത്തേ തന്നെ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട് എങ്കിലും അതിന്റെ ഗീതങ്ങൾ അടങ്ങുന്ന പുസ്തകത്തിന്റെ ഏതാനും ഭാഗങ്ങൾ മാത്രമേ ഇതുവരെ തർജ്ജമചെയ്യപ്പെട്ടിട്ടുള്ളു. (യൽദാ പെരുന്നാൾ, ഗീവർഗീസ് സഹദായുടെ പെരുന്നാൾ, മർത്തശ്മുനിയുടെ പെരുന്നാൾ മുതലായവ) ഈ പ്രാർത്ഥനാ സമാഹാരത്തിലാണ് ക്യംതായുടെ യാമപ്രാർത്ഥനകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ക്യംതാപെരുന്നാളിനുശേഷം ഹേവോറേ നാളുകളിലും, തുടർന്നു വരുന്ന ഞായറാഴ്ചകളിലും മാറി, മാറി ഉപയോഗിക്കുവാനായി ക്യംതായുടെ എട്ട് ക്രമങ്ങളാണ് പെങ്കീസായിൽ നൽകിയിരിക്കുന്നത്. താരതമ്യേന താമസിച്ചുമാത്രം (ഒരു പക്ഷേ 19-ാം നൂറ്റാണ്ടിന്റെ ഏറ്റവും ഒടുവിലോ, 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ മാത്രം) മലങ്കരയിൽ എത്തിയ ക്യംതാ നമസ്ക്കാരത്തെക്കുറിച്ച് അതിനുമുമ്പ് നമ്മുടെ പിതാക്കന്മാർ ഒരുപക്ഷെ അറിഞ്ഞിരുന്നു പോലുമില്ലായിരിക്കാം.

ഏതായാലും 1902 ൽ ആണ് ആദ്യമായി ക്യംതാ നമസ്ക്കാരം മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട് സാധാരണ ജനങ്ങളുടെ ഉപയോഗത്തിന് ലഭ്യമാകുന്നത്. അന്നത്തെ സെമിനാരി മൽപ്പാന്മാരായിരുന്ന, വട്ടശേരിൽ ഗീവർഗീസ് മൽപ്പാനും, കോനാട്ട് മാത്തൻ മൽപ്പാനും ചേർന്ന് അത് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചു. പെങ്കീസായിലെ എട്ട് ക്രമങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ഭാഗങ്ങളാണ് മൽപ്പാന്മാർ വിവർത്തനം ചെയ്തത്. അന്ന് ബുധനാഴ്ച നമസ്ക്കാരം മലയാളത്തിൽ ലഭ്യമല്ലായിരുന്നു എങ്കിൽപ്പോലും, ഞായറാഴ്ചകളിലും ബുധനാഴ്ച നമസ്ക്കാരം ഉപയോഗിക്കുന്ന പതിവ് പെട്ടെന്ന് അവസാനിച്ചില്ല. പുതിയ നമസ്ക്കാരമാകുന്ന ക്യംതാ നമസ്ക്കാരത്തിലേക്കുള്ള മാറ്റവും സാവധാനത്തിലാണ് സംഭവിച്ചത്. ആ മാറ്റം ഒരിക്കലും പൂർണ്ണമായതുമില്ല. ക്യംതാ നമസ്ക്കാരം അൽപ്പം ദൈർഘ്യം കൂടുതലുള്ളതിനാലാവണം, ക്യംതാപെരുന്നാളിലും, അതിനു ശേഷം കുറേ ഞായറാഴ്ചകളിലും അതുപയോഗിക്കാം എന്ന പൊതുധാരണയിലെത്തി പിതാക്കന്മാർ. പിന്നീട്, അഭി. വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെയും, സഭാകവി ചാണ്ടി സാറിന്റെയും പരിശ്രമത്തിൽ ബുധനാഴ്ച നമസ്ക്കാരം വിവർത്തനം ചെയ്ത് കുർബാനക്രമത്തോടൊപ്പം പ്രസിദ്ധീകരിച്ചപ്പോൾ അതിന് സ്ലീബാ നമസ്ക്കാരം എന്നു പേരിടുകയും, സ്ലീബാപ്പെരുന്നാൾ മുതൽ ക്യംതാ വരെ ഞായറാഴ്ചകളിൽ അതുപയോഗിക്കണമെന്ന നിർദ്ദേശം അതിൽ അച്ചടിച്ചു ചേർക്കുകയും ചെയ്തു. ഇത് 20-ാം നൂറ്റാണ്ടിന്റെ പകുതിയോടെ മാത്രം സംഭവിച്ചതാണ്. സുറിയാനി പാരമ്പര്യമനുസരിച്ച് പ്രത്യേക പ്രാധാന്യമുള്ള ഞായറാഴ്ചകൾക്ക് പെങ്കീസപുസ്തകത്തിൽ പ്രത്യേക പ്രാർത്ഥനകളുണ്ട്. അല്ലെങ്കിൽ ഞായറാഴ്ചകളെല്ലാം ക്യംതായാണ് എന്ന കണക്കിൽ ക്യംതാ നമസ്ക്കാരം ഉപയോഗിക്കും. പ്രധാന പെരുന്നാളുകൾക്കു പെങ്കീസാ നമസ്ക്കാരങ്ങൾ ഉണ്ട്. അതില്ലെങ്കിൽ അതാതു ദിവസത്തെ ശ്ഹീമാ നമസ്ക്കാരം പ്രാർത്ഥിക്കും. പെങ്കീസായുടെ ഉപയോഗം മലങ്കരയിൽ വ്യാപകമല്ലാത്തതിനാൽ, ഞായറാഴ്ചകളിൽ ക്യംതാ പ്രാർത്ഥനതന്നെ ഉപയോഗിക്കണമെന്ന് കാലം ചെയ്ത അഭി. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി ശഠിക്കുമായിരുന്നു. എന്നാൽ പലകാരണങ്ങളാൽ ആ ശബ്ദം ആരും ശ്രദ്ധിച്ചില്ല.

പെങ്കീസയിൽ കാണുന്ന ക്യംതായുടെ 8 ക്രമങ്ങളുള്ള മറ്റൊരു സമാഹാരത്തിന്റെ തർജ്ജമയാണ് മലയാളം ശ്ഹീമാ നമസ്ക്കാരത്തിൽ നൽകിയിരിക്കുന്നത്. ഏതാനും ദശാബ്ദങ്ങൾ മുമ്പ് സുറിയാനി ശ്ഹീമാ നമസ്ക്കാരത്തിൽ അച്ചടിച്ചിരുന്നത്, ഇവകളിൽ നിന്നെല്ലാം വ്യത്യസ്ഥമായ ക്യംതായുടെ മറ്റൊരു ക്രമമാണ്. ഉപയോഗത്തിന്റെ എളുപ്പത്തിനുവേണ്ടി മാത്രം ബുധനാഴ്ച നമസ്ക്കാരത്തിന് മലങ്കരയിൽ നൽകിയ ഓമനപ്പേരാണ് "സ്ലീബാ നമസ്ക്കാരം" എന്നത്.






സഖേർ

# സുവാർത്ത

നസറേത്തിലെ മറിയം. എത്ര ചെറിയ പെൺകുട്ടിയാണവൾ. ഒരു പക്ഷേ അവളോളം ആക്ഷേപങ്ങൾ കേട്ടവൾ ആരും തന്നെയുണ്ടാവില്ല. കാരണം നമുക്ക് സ്പഷ്ടമായറിയാം. വിവാഹം കഴിഞ്ഞിട്ടില്ലാത്ത അവളുടെ വിശേഷം ഒരു കാലത്തും സുവിശേഷമാവില്ലല്ലോ! നസറേത്തിലെ മനുഷ്യർ എന്തെല്ലാം പറഞ്ഞിരിക്കാം. എത്ര നല്ലൊരു പെൺകുട്ടിയായിരുന്നിവൾ. ദേവാലയത്തിൽ പാർത്തവൾ. കാഴ്ചയപ്പം ഭക്ഷിച്ചിരുന്നവൾ. അവളുടെ മാതാപിതാക്കളാകട്ടെ എത്രമേൽ ഭക്തരായ വയോധികർ. എന്നിട്ടും അവൾക്കെന്താണ് പറ്റിയത്? പലപ്പോഴും നമ്മുടെ മനസ്സിൽ പലരെയും ചൊല്ലി പറഞ്ഞും പറയാതെയുമിരിക്കുന്ന വാക്കുകൾ തന്നെ! ശരിക്കും മറിയം നാമിന്നെയോളം പരമ്പരാഗതരീതിയിൽ കരുതിപ്പോന്ന വിധത്തിലല്ലാതെയും മറ്റൊരു തരത്തിലും ഭാഗ്യവതിയാണ്. മറ്റൊന്നുമല്ല, ഇന്നായിരുന്നെങ്കിൽ ഫേസ്ബുക്കിൽ പോസ്റ്റുകളെറിഞ്ഞ് നാമവളെ കൊന്ന് കൊലവിളി നടത്തിയേനെ! നിങ്ങളിൽ പാപമില്ലാത്തവർ പോസ്റ്റുകൾ ഇടട്ടെ എന്നെങ്ങാനും യേശു പറഞ്ഞാൽ ആദ്യം പൂട്ടേണ്ടിവരിക നമ്മുടെ പേജുകൾ തന്നെയാവില്ലേ സഖേ! മറിച്ചൊരു വിചാരം സാധ്യമാണോ നമുക്ക്? നസറേത്തിലെ ആ പാവം മനുഷ്യരെക്കുറിച്ച് തികച്ചും വ്യത്യസ്തമായൊരു ധാരണ തന്ന ഒരു പുസ്തകമുണ്ട്. The Orthodox Veneration of Mary The Birthgiver of God. ജോൺ മാക്സിമോവിച്ച് എന്നാണ് എഴുത്തുകാരന്റെ പേര്. അദ്ദേഹം ഇങ്ങനെയാണ് പറയുക. നസറേത്ത് എന്ന ചെറിയ പട്ടണത്തിലെ ഓരോ വാർത്തയും എല്ലാവരും അറിയാനിടയുണ്ട്. അത്രയ്ക്കുള്ള മനുഷ്യരെ അവിടെയുള്ളൂ. എതാണ്ടെല്ലാവരും പരസ്പരം അറിയുന്നവർ. നിശ്ചയമായും മറിയത്തിന്റെ വാർത്ത അവർക്കറിവുണ്ടാകും. എന്നാലോ അവരങ്ങനെ അപവാദപ്രചാരണത്തിലൊന്നും മുഴുകിയതായി അന്നും പിന്നീടും കാണുന്നില്ല. തെളിവുണ്ടല്ലോ തിരുവെഴുത്തിൽ. പിൽക്കാലത്ത് ഗലീലായിലെ നസറേത്തിനോടടുത്ത പട്ടണമായ കാനായിൽ എത്ര ആദരവോടെയാണ് മറിയത്തെയും മകനെയും വിവാഹ വിരുന്നിനൊക്കെ ക്ഷണിച്ചിട്ടുള്ളത്! നസറേത്തിലെ നന്മനിറഞ്ഞ അമ്മയുടെ വിചാരം നമുക്കൊരു തിരുത്താണ്. നല്ലത് ചിന്തിക്കാനും നന്മ പറയാനുമുള്ള കരുത്തേകുന്ന ഓർമ്മയാണ്. ഗുരുക്കന്മാർ പറഞ്ഞ മാതിരി, ഒരാളെക്കുറിച്ച് കേട്ടത് നീ മറ്റൊരാളോട് പറയും മുമ്പ് (ഷെയർ ചെയ്യും മുമ്പ്) മൂന്ന് കാര്യങ്ങൾ ചിന്തിക്കേണ്ടതുണ്ട്. ഒന്ന്, പറയാൻ പോകുന്ന കാര്യം സത്യമാണോ (Is it true). രണ്ട്, പറയാൻ പോകുന്ന കാര്യം നല്ലതാണോ? (Is it good). മൂന്ന്, പറയുന്നതുകൊണ്ട് നിനക്കോ കേൾക്കുന്ന ആൾക്കോ ആത്മസാക്ഷാത്ക്കാരപാതയിൽ എന്തെങ്കിലും പ്രയോജനമുണ്ടോ?

(Is it useful). സത്യം പറഞ്ഞാൽ, അങ്ങനെയൊക്കെ ചിന്തിച്ചാൽപിന്നെ നമുക്കൊന്നും ഇനി ഒന്നും തന്നെ പറയാനുണ്ടാവില്ല അല്ലെ സഖേ!


അമ്മ എല്ലാം ഉള്ളിൽ സംഗ്രഹിച്ചുവെന്നാണ് തിരുവെഴുത്ത്. ഒരു മഹാമൗനം പോലെയാണ് അമ്മ സുവിശേഷങ്ങളിൽ മറഞ്ഞിരിക്കുക. ആഴമളക്കാനാവാത്ത വൻകടൽ പോലെ! പൊതുവേ സംസാരപ്രിയരായിട്ടാണ് സ്ത്രീകൾ അറിയപ്പെടുക. അനേക കാര്യങ്ങളെച്ചൊല്ലി ധൃതികൂട്ടുന്നവർ. യേശുപോലും മാർത്തയോട് അങ്ങനെ പരിഭവപ്പെടുന്നുണ്ട്. അന്നേ ചെറിയ കാര്യങ്ങൾ മാത്രമാവാം. പിന്നെ വിലാപങ്ങൾ. ഒരു വിധേന ശബ്ദകോലാഹലങ്ങളുടെ കൂട്ടുകാരായാണവൾ പലപ്പോഴും അടയാളപ്പെട്ടുപോകുന്നത്. ക്രിസ്തുവിന്റെ അമ്മ, പക്ഷെ അങ്ങനെയല്ല അറിയപ്പെട്ടത്. ഒരു പക്ഷെ, സുവിശേഷമെഴുത്തുകാർ തമ്പുരാന്റെ അമ്മയെ അറിഞ്ഞത് പോലെ നമ്മുടെ സഹയാത്രികരെ നാമിനിയും അറിയാതെ പോകുന്നകൊണ്ടാവും! അമ്മ, സോദരി, കൂട്ടുകാരി ഇങ്ങനെ പല വേഷങ്ങളിൽ അവർ ഒപ്പമുണ്ട്. സത്യമായും നാമിനിയും ഇവരെയൊന്നും വേണ്ടത്ര തിരിച്ചറിഞ്ഞിട്ടില്ലെന്നൊരു തോന്നൽ. അമ്മ മറിയത്തിന്റെ നിശ്ശബ്ദതയുടെ തീരത്ത് കുറെയേറെനേരം വെറുതെയിരിക്കണം സഖേ! അപ്പോൾ നീ കേട്ടു തുടങ്ങും കണ്ടുമുട്ടുന്ന ഓരോ സ്ത്രീയുടെയും ഉള്ളിലെ കടലിരമ്പം! നീ കണ്ടുതുടങ്ങും അവരിലെ സ്നേഹത്തിന്റെ, സഹനത്തിന്റെ, ക്ഷമയുടെ ആഴം! കുഞ്ഞുകാര്യങ്ങളെച്ചൊല്ലി കേഴുന്ന അമ്മമാരെ നീ കണ്ടിട്ടില്ലേ, എന്നാലോ പുരുഷകേസരികളൊക്കെ വല്ലാത്തൊരു നിസ്സഹായതയിൽ തളർന്നു പോയ നേരങ്ങളിൽ തുണയും തൂണുമായി കൂട്ടുനിന്നതും അവൾ മാത്രമല്ലേ! എന്തിനേറെ, വലിയവായിൽ നിലവിളിച്ച് പിതാവിനോട് സങ്കടകീർത്തനം ചൊല്ലുന്ന മനുഷ്യപുത്രന്റെ കുരിശിൻചുവട്ടിലും കൂടെ നിന്നത് അമ്മയല്ലാതെയാരാണ്? മനുഷ്യപുത്രന്മാരുടെ സഹനദൂരങ്ങളിൽ മരണനാഴികയോളം കൂട്ടുപോരുന്ന അമ്മക്കടലിനെ പ്രതി എത്ര നോമ്പെടുത്താലാണ് മതിവരിക സഖേ!

ഒരിക്കൽ യേശു പുരുഷാരത്തോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവന്റെ അമ്മയും സഹോദരങ്ങളും അവനോട് സംസാരിക്കുവാൻ ആഗ്രഹിച്ചു പുറത്തു നിന്നു. ഇങ്ങനെ ദൂരെ മാറി നിന്ന അമ്മയെക്കുറിച്ച് ആരോ അവനോട് പറഞ്ഞു. അവന്റെ മറുപടി അപ്രതീക്ഷിതമായിരുന്നു. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരാണ് എന്റെ സഹോദരങ്ങളും അമ്മയും എന്നാണ് പറഞ്ഞത്. മറ്റൊരിക്കൽ യേശു സംസാരിക്കുമ്പോൾ ജനക്കൂട്ടത്തിൽ നിന്ന് ഒരു സ്ത്രീ ഉച്ചത്തിൽ അവനോട് പറഞ്ഞു. "നിന്നെ ചുമന്ന ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവയാണ്". യേശു അവർക്ക് നൽകിയ മറുപടിയും ആദ്യത്തേതിന് സമമായിരുന്നു. "ദൈവവചനം കേട്ട് അത് പാലിക്കുന്നവരാണ് ഭാഗ്യമുള്ളവർ' എന്നു തന്നെ! നല്ല ധ്യാനം ആവശ്യപ്പെടുന്ന വരികളാണിവ. അമ്മയെക്കുറിച്ച് ആരെങ്കിലും പറയുമ്പോഴെല്ലാം ദൈവവചനം അനുസരിക്കുന്നതിനെക്കുറിച്ചാണ് യേശു ആവർത്തിക്കുക. ശരിക്കും മറിയമല്ലാതെ മറ്റേതൊരാളാണ് ദൈവത്തിന്റെ വചനം ഇത്രമേൽ ഉള്ളിലേയ്ക്കെടുത്തിട്ടുണ്ടാവുക! അവൾ വചനത്തെ ഗർഭം ധരിച്ച് പ്രസവിക്കുന്നു. ഉള്ളിൽ ക്രിസ്തു ഉരുവാകുന്നിടത്തോളം വലിയ പൂർണ്ണത മറ്റെന്താണല്ലേ! മറിയം മനുഷ്യ ജീവിതസാഫല്യത്തിന്റെ പരമദൃഷ്ടാന്തമായിത്തീർന്നതിങ്ങനെയാണ്. അതിനാൽ അവൾ നവമാനവികതയുടെ അമ്മയായി ആഘോഷിക്കപ്പെടുന്നു. ആദ്യമാതാവായ ഹവ്വ വചനത്തോടുള്ള അനുസരണക്കേട് മൂലം പറുദീസ നഷ്ടം വരുത്തിയെങ്കിൽ രണ്ടാം ഹവ്വയായി മറിയം അനുസരണത്താൽ രണ്ടാം പറുദീസയായിത്തന്നെ പരിണമിക്കുന്നു. അമ്മ മറിയത്തെക്കുറിച്ച് പറയുമ്പോഴൊക്കെ ദൈവഹിതം നിറവേറ്റുന്നവരെക്കുറിച്ച് പുത്രൻ വാചാലനാവുന്നതിന്റെ കാരണം മറ്റൊന്നുമല്ല സഖേ! ഒരു ചെറിയ കൗതുകം തോന്നി വരികൾക്കിടയിൽ! അമ്മയെ സംബന്ധിച്ചാണ്. ശരിക്കും പറഞ്ഞാൽ അമ്മ എത്ര ഭംഗിയായിട്ടാണ് ഒഴിഞ്ഞുമാറിനിൽക്കുന്നത്. മകന്റെ കീർത്തിയുടെ വെള്ളിവെളിച്ചത്തിലേക്കൊന്നും കടന്നു വരുന്നതേയില്ല. പരമാവധി ഉൾവലിഞ്ഞ് നിൽക്കുകയാണ്. അധികമൊന്നും പ്രത്യക്ഷത്തിൽ വരാത്ത നമ്മുടെയൊക്കെ വീടുകളിലെ പാവം അമ്മമാരെ

പ്പോലെ. ഈ മാറിനിൽപ്പ് അത്രമേൽ നിസ്സാരമെന്ന് നീ കരുതല്ലേ! പ്രത്യേകിച്ചും ബഷീർക്കായുടെ 'എട്ടുകാലി മമ്മൂഞ്ഞ്' മാർ പെരുകുന്ന നമ്മുടെ കാലത്ത്! അപാരമായൊരു നിർമ്മലതയുടെ അടയാളമാണത്. എത്ര കുലീനമായിട്ടാണവർ ഒഴിഞ്ഞുനിൽക്കുക. അനർഹമായത് സ്വന്തമാക്കുവാൻ വെമ്പൽപൂണ്ട് എന്തും കാട്ടുന്ന മനുഷ്യർക്കിടയിൽ ഇത്തരമാളുകളെ തെരഞ്ഞുപിടിച്ച് അവരിൽനിന്ന് പഠിക്കേണ്ടതുണ്ട്. അർഹതയുണ്ടായിട്ടും ചിലതൊക്കെ വേണ്ടെന്ന് വയ്ക്കുന്ന ചില ഒഴിഞ്ഞ് നിൽപ്പുകളും നിലപാടുകളുമുണ്ടല്ലോ; അവയ്ക്ക് അമ്മ മറിയത്തിന്റെ അന്തസ്സിനോളം ഗരിമയുണ്ട് അല്പന്മാരുടെ ആകാശഗംഗയിൽ ഭ്രമണം ചെയ്യാനല്ല സഖാവേ നമ്മുടെ വിളിയും തെരഞ്ഞെടുപ്പും!

അന്ന് പന്ത്രണ്ട് വയസ്സ് മാത്രമേയുള്ളൂ യേശുവിന്! അവർ കുടുംബമായി പെസഹാപ്പെരുന്നാളിന് പോയതാണ്. തിരികെ പോന്നപ്പോൾ യേശു ജറുസലേമിൽ തങ്ങി. അവൻ യാത്രാസംഘത്തോടൊപ്പമുണ്ടാകുമെന്ന് കരുതി അമ്മയപ്പന്മാർ ഒരു ദിവസത്തെ വഴി പിന്നിട്ടു. ബന്ധുമിത്രാദികൾക്കിടയിൽ തെരഞ്ഞ് കാണാതെ വന്നപ്പോൾ അവർ ജറുസലേമിലേക്ക് തിരികെയോടി. മൂന്ന് നാളുകൾക്ക് ശേഷം ബാലനായ യേശുവിനെ ദേവാലയത്തിൽകണ്ടു. അവൻ ആചാര്യന്മാരുടെ നടുവിൽ ഇരിക്കുന്നു. അവർ പറയുന്നത് കേൾക്കുകയും അവരോട് പലതും ആരായുകയും ചെയ്യുന്നു. കേട്ടവരെല്ലാം അവന്റെ ജ്ഞാനത്തിൽ വിസ്മയം പൂണ്ടു. അമ്മ അവനെ കണ്ട മാത്രയിൽത്തന്നെ വിങ്ങിപ്പൊട്ടി. 'ഉണ്ണി, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്?' അമ്മയപ്പന്മാരുടെ വ്യസനമത്രയും അവർ പങ്കുവെയ്ക്കുന്നു. "ഞാൻ എന്റെ പിതാവിന്റെ വീട്ടിൽ ഇരിക്കേണ്ടതല്ലയോ''. എന്നൊരു വാക്ക് പറഞ്ഞിട്ട് യേശു അവരോടൊപ്പം പോയി നസറേത്തിൽ അവർക്ക് വിധേയനായി ജീവിച്ചു എന്നാണ് തിരുവെഴുത്ത്. ശരിക്കും നമ്മുടെ അമ്മമാരൊക്കെ ചിലപ്പോൾ പറഞ്ഞിട്ടുള്ളമാതിരിയാണ് മറിയത്തിന്റെ ശാസന കലർന്ന ഈ പരിഭവം ഇത്തവണ വായനയിൽ തോന്നിയത്. അത്രയ്ക്ക് വലിയ ആളാവാതെ! സമയം വരട്ടെ എന്നൊക്കെ മക്കളോട് പറയാത്ത ഏത മ്മയാണുണ്ടാവുക. ഒരു കഥയുണ്ട് മഹാജ്ഞാനിയായിരുന്ന ബുദ്ധഭിക്ഷു ജിയൂണിനെക്കുറിച്ചുള്ളതാണ്. അയാൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് തന്റെ സഹപാഠികളെ വിളിച്ചുകൂട്ടി പ്രസംഗിക്കുമായിരുന്നു. വലിയ സാമർത്ഥ്യത്തോടെ ആളുകൾക്ക് മുമ്പിൽ തന്റെ പാണ്ഡിത്യം പ്രദർശിപ്പിക്കലാണ് ലക്ഷ്യം. ഈ വിവരം അറിഞ്ഞ അയാളുടെ അമ്മ തന്റെ മകന് ഒരു കത്തെഴുതി. 'പ്രിയപ്പെട്ട മകനെ, നടക്കുന്ന ഒരു നിഘണ്ടുവാക്കാനായിരുന്നോ നീ ബുദ്ധമാർഗ്ഗം തിരഞ്ഞെടുത്തത്? ഈ ലോകത്തിൽ ചോദിക്കാവുന്ന ചോദ്യങ്ങൾക്കും പറയാവുന്ന ഉത്തരങ്ങൾക്കും അവസാനമുണ്ടോ? വസ്തുവിവരങ്ങളും വ്യാഖ്യാനങ്ങളും എത്രവേണമെങ്കിലും ഒരാൾക്കുണ്ടാകും. അതുകൊണ്ട് നേടുന്ന പേരിനും പെരുമയ്ക്കും കണക്കില്ല. പക്ഷെ, നിന്റെ ലക്ഷ്യം അതാണോ മകനെ?' ഇത്രയേ ആ അമ്മ എഴുതിയുള്ളൂ! എന്താണമ്മേ അമ്മമാരൊക്കെ ഇങ്ങനെ ഒരുപോലെ. ശരിക്കും അടയിരിക്കേണ്ട കാലം അമ്മയ്ക്കല്ലേ കുഞ്ഞിനേക്കാൾ അറിയാവുന്നത് സഖേ! ചെറിയൊരു കുസൃതി വിചാരം ഇവിടെയും തോന്നാതിരുന്നില്ല. കാനായിലെ വിവാഹവിരുന്നിലാണ് യേശുവിന്റെ മഹത്വം വെളിപ്പെടുന്ന ആദ്യ അടയാളം സംഭവിക്കുക. അതുവരെയും അമ്മയൊന്നും പറയാഞ്ഞത്കൊണ്ടാണോ നാഴിക വന്നിട്ടില്ല എന്ന് പറഞ്ഞ് മാറിനിന്നത്. എന്നാൽ അവനെ അനുസരിക്കാൻ അമ്മ പറഞ്ഞനേരം തമ്പുരാന്റെ പരസ്യശുശ്രൂഷയ്ക്ക് പ്രാരംഭമിടുന്നു. സത്യമായും അമ്മമാരുടെ ഈ ചേർത്ത് പിടിക്കലുണ്ടല്ലോ, നമ്മുടെ നാട്ടുരീതിയിൽ പറഞ്ഞാൽ കണ്ണുകിട്ടാതിരിക്കാനൊക്കെയുള്ള പിൻവലിക്കൽ, അതിനൊരു അച്ചടക്കത്തിന്റെ ആന്തരാർത്ഥം കൂടെയുണ്ട്. മിനിമം പഠനമൊക്കെ പൂർത്തിയാക്കി ആശ്രമത്തിലെത്തിയ ആദ്യനാളുകളിൽ നാട്ടുകാരെ പഠിപ്പിക്കാനുള്ള വലിയ ഉത്സാഹം കാട്ടിയപ്പോൾ അടുത്ത് ചേർത്ത് മാസങ്ങളോളം അധികപ്രസംഗങ്ങൾക്ക് വിടാതെ അറയിൽ പൂട്ടിയ ഗുരുവമ്മ പറഞ്ഞ വാക്കും എങ്ങനെ മറക്കും. "മൂക്കാത്ത പാവയ്ക്ക് കറി വെച്ചാൽ കയ്ക്കും കുഞ്ഞേ! ഇപ്പോഴും അപക്വത കൊണ്ടുണ്ടാവുന്ന ആളാവലുകൾക്ക് മാപ്പ്!

# ഭദ്രാസനാധിപന്മാർ



ഫാ.ഡോ. ഒ.പി. വർഗീസ്

**20. നേതൃത്വ പരിശീല നക്കളരി**

ജനങ്ങളെ സഭാ വിജ്ഞാനീയം പഠിപ്പിച്ച് സഭയോട് കൂറും മമതയും ഉള്ളവരാക്കുക, കത്തോലിക്ക റീത്തുകാരുടേയും പ്രോട്ടസ്റ്റന്റ് ഗ്രൂപ്പുകാരുടേയും അജമോഷണം തടയുക, മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിന്റെ ചിഹ്നമായ കാതോലിക്കേറ്റിന്റെ പവിത്രത കാത്തുസൂക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിരിക്കുന്നത്.



**21. മലങ്കര സഭ**

മലങ്കരസഭ പരിപൂർണ്ണ സ്വതന്ത്രസഭയായിരിക്കണം

ജനങ്ങൾ കാതോലിക്കേറ്റിനോടു കൂറുള്ളവരായിരിക്കണം.

മലങ്കര സഭ ഒന്നാണ് - തെക്ക് - വടക്ക് ഭദ്രാസന ഭേദങ്ങൾ പാടില്ല.

ആരാധനയ്ക്ക് സൗകര്യങ്ങൾ ഇല്ലാത്തിടത്ത് കാതോലിക്കേറ്റു സെന്ററുകൾ സ്ഥാപിച്ച് അതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കണം.

മേലദ്ധ്യക്ഷന്മാരുടേയും മറ്റും അധികാരം അദ്ധ്യാപകന്റെ കൈയിലെ വടി പോലെയായിരിക്കണം. അത് അടിക്കുവാനല്ല, എല്ലാവരേയും നേർവഴിക്ക് നയിക്കുവാനും അതിന് കീഴ്പ്പെടാത്തവരെ അതിനു കീഴ്പ്പെടുത്തുമെന്ന് കാണിക്കുവാനുമാണ്.

**22. കുടുംബം**

എല്ലാ കുടുംബാംഗങ്ങളും ദിവസം രണ്ടു നേരം പ്രാർത്ഥിക്കണം. വേദപുസ്തകം വായിക്കണം.

നോമ്പ്, ഉപവാസം, ഞായറാഴ്ച ആരാധന, മാറാനായ പെരുന്നാൾ ആഘോഷം തുടങ്ങിയവ എല്ലാവരും മുറപ്രകാരം ആചരിക്കണം.

കൗദാശിക ജീവിതത്തിന് എല്ലാവരും മുൻതൂക്കം കൊടുക്കണം.

**23. മദ്യപാനം**

മദ്യപാനം ഒരു വ്യക്തിയുടെ സകല അന്തസ്സും കളഞ്ഞുകുളിക്കുന്നു.

യുവജനങ്ങളെ മദ്യ-മയക്കു മരുന്നുകൾക്ക് അടിമകളാക്കുന്നതിൽ മുതിർന്നവർക്കുള്ള പങ്ക് വളരെ വലുതാണ്.

**24. സഭാ സെക്രട്ടറിയേറ്റ്**

വിദ്യാസമ്പന്നരും ആത്മീയ നിറവുമുള്ള ചെറുപ്പക്കാർ ആയിരിക്കണം സഭാ സെക്രട്ടറിയേറ്റ് ഓഫീസ് പ്രവർത്തകർ.

**25. തന്റെ ജീവിതം**

തിരുമേനിയുടെ ജീവിതം വളരെ ലളിതമായിരുന്നു. വലിപ്പച്ചെറുപ്പം നോക്കാതെ ആരോടും ഇടപെടും. തന്റെ സഹായം അവർക്ക് അവശ്യമാണെങ്കിൽ അത് ചെയ്തു കൊടുക്കും. ആർക്കും എപ്പോൾ വേണമെങ്കിലും തിരുമേനി ലഭ്യമായിരുന്നു.

അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കെല്ലാം പരിപൂർണ്ണതയുണ്ടായിരുന്നു. (എയ്സ്തെറ്റിക് സെൻസ്)

സ്റ്റീൽ കുരിശു മാലയും, സ്ലീബായും അംശവടിയും ആദ്യമായി പണിയിച്ച് ഉപയോഗിച്ച ആദ്യത്തെ മെത്രാപ്പോലീത്ത ഇദ്ദേഹമായിരിക്കണം.

**25. പുസ്തക പാരായണം.**

ധാരാളം വർത്തമാനം പറയുക, ധാരാളം യാത്ര ചെയ്യുക എന്നീ രണ്ടു പ്രത്യേകതകൾക്ക് തിരുമനസ്സിലെ പുസ്തകപാരായണം വളരെ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

**26. പ്രാർത്ഥന**

പക്കോമിയോസ് തിരുമേനി വലിയൊരു പ്രാർത്ഥനാമനുഷ്യനായിരുന്നു. പ്രാർത്ഥനയിലൂടെ ദൈവവുമായി നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള തിരുമേനി പറയുന്ന വാക്കുകൾക്ക് വലിയ ശക്തിയുണ്ടായിരുന്നു.

ദൈവമേ, നിന്റെ ദാസനും പാപിയുമായ എന്നോടു ദയ തോന്നേണമെ. എന്റെ പാപങ്ങളെ പരിഹരിച്ച് എന്നോട് കരുണയുണ്ടാകണമെ. കരുണയുള്ള ദൈവമേ! ബലഹീനനും പാപിയുമായ ഈ ദാസൻ നിന്റേതും നിനക്കുള്ളവനുമായിരിപ്പാൻ സംഗതിയാക്കണമെ. നിന്റെ ഇഷ്ടം ചെയ്യപ്പെടേണമെ!

**27. നിശ്ശബ്ദ സേവനം**

തിരുമേനിയെപ്പോലെ ഇത്ര നിസ്വാർത്ഥമായി നിശ്ശബ്ദ സേവനം അനുഷ്ഠിച്ചവർ തുലോം വിരളമാണ്. നീ ധർമ്മം കൊടുക്കുമ്പോൾ ഇടംകൈ ചെയ്യുന്നത് വലംകൈ അറിയരുത് എന്ന കർത്തൃകൽപ്പന അക്ഷരം പ്രതി തിരുമേനി പാലിച്ചിരുന്നു. എത്രപേരെയാണ് ഈ മഹാത്മാവ് സഹായിച്ചിട്ടുള്ളത്.

**28. അതുല്ല്യനായ തിരുമേനി**
**സാക്ഷ്യങ്ങൾ :**

റിട്ട. ജസ്റ്റീസ് ജോൺ മാത്യു - തിരുമേനിയുടെ കുർബ്ബാനയിലെ നീതിയില്ലാത്ത ന്യായാധിപന്മാരിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമെ എന്ന പ്രാർത്ഥന തന്റെ ജീവിതത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ഏപ്പോഴും നീതിയായിട്ടു മാത്രം കേസ്സുകൾ വിധിക്കുവാനും അനീതി മാർഗ്ഗത്തിൽ നിന്നു തന്നെത്തന്നെ അകറ്റുവാനും അതുമൂലം വളരെ ശ്രമിച്ചിട്ടുണ്ട് എന്ന് അദ്ദേഹം ഓർക്കുന്നു.

ബെന്നി എന്ന ബിസിനസ്സുകാരൻ - ഈ ആധുനിക കാലഘട്ടത്തിൽ വളരെ ഉൾക്കാഴ്ചയോടെ പ്രവർത്തിക്കുന്ന സഭാനേതാക്കന്മാരിൽ വളരെ പ്രധാനി മാർ പക്കോമിയോസ് തിരുമേനിയാണ്. ഈ കാലഘട്ടത്തെക്കുറിച്ച് എന്തു ചോദിച്ചാലും തിരുമേനിക്കു പറയാനാകും. സമൂഹത്തിലെ ഉന്നത ശ്രേണിയിലുള്ളവരോടു മാത്രമല്ല, താഴെക്കിടയിലുള്ളവരോടും അനായാസം തന്റെ അറിവ് പങ്കിടുവാൻ തീരുമേനിക്കു കഴിയുമായിരുന്നു. തന്റെ സ്വദേശ വിദേശ പര്യടനങ്ങൾ, പരന്ന വായന, ആധുനിക വാർത്താ സാമഗ്രികളുടെ ഉപയോഗം തുടങ്ങിയവ കൊണ്ട് നേടിയെടുത്തതാണിതെല്ലാം.

**ദൈവാശ്രയം**
**(അന്ത്യകൽപ്പനയിലെ അന്ത്യവചനം)**

എന്റെ രോഗചികിത്സക്കെല്ലാം സർവ്വശക്തനായ ദൈവത്തിന്റെ കൃപയും കാവലും പരിശുദ്ധന്മാരുടേയും ദൈവമാതാവിന്റേയും പിതാക്കന്മാരുടേയും പ്രാർത്ഥനാ സഹായങ്ങളും എനിക്കു ലഭിക്കുവാനായി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്ന് നിങ്ങളുടെ സ്നേഹത്തോട് ദൈവനാമത്തിൽ അഭ്യർത്ഥിക്കുന്നു.

**ക്രിസ്തുമാർഗ്ഗം പിന്തുടർന്ന**
**മാർ പക്കോമിയോസ്**

(ഒന്നാം ചരമവാർഷിക പ്രഭാഷണത്തിൽ നിന്ന്)

പ്രത്യുപകാരം പ്രതീക്ഷിക്കാതെ മറ്റുള്ളവരെ സഹായിക്കാൻ മെത്രാപ്പോലീത്ത സദാ സന്നദ്ധനായിരുന്നു. പ്രാർത്ഥനയും ഉപവാസവും മുടക്കാതെ ആത്മീയ ഉയർച്ച പ്രാപിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്വന്തം സുഖസൗകര്യങ്ങൾക്കോ താല്പര്യങ്ങൾക്കോ പരിഗണന നല്കാതെ മറ്റുള്ളവർക്കു വേണ്ടി ജീവിതം ഉഴിഞ്ഞു വയ്ക്കുകയായിരുന്നു അദ്ദേഹം ചെയ്തത്.

**ഗ്രന്ഥകാരൻ**

അദ്ദേഹം രചിച്ച കൃതികൾ :

1) മുറിമറ്റത്തിൽ ബാവ (ബസ്സേലിയോസ് പൗലോസ് പ്രഥമൻ),
2) ഓർത്തഡോക്സ് സഭയുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും

ധാരാളം ലേഖനങ്ങൾ മാസികകളിലും സുവനീറുകളിലുമായി എഴുതിയിട്ടുണ്ട്.

## പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ (1884 – 1975)




> “ഈശ്വരപ്രാർത്ഥന
> ഈ ലോകത്തെ പലവിധത്തിലും
> ദൈവത്തിന്റെ
> പാദാരവിന്ദങ്ങളോട് ചേർക്കുന്ന
> പൊന്നിൻ ചങ്ങലയത്രേ”.

# ജീവിതരേഖ

| | |
|---|---|
| ജനനം | - 1884 ജൂൺ 26 |
| മാതാപിതാക്കൾ | - പെരുമ്പാവൂർ വെങ്ങോല ചേട്ടാകുളത്തുംകരയിൽ അബ്രഹാം കത്തനാർ, അന്നമ്മ അബ്രഹാം |
| ശെമ്മാശപട്ടം | - കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്നും. |
| പൂർണ്ണശെമ്മാശൻ | - 1905 ൽ |
| റമ്പാൻ സ്ഥാനം | - 1908 ൽ യറുശലേമിൽ വച്ച് കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന്. |
| കശ്ശീശസ്ഥാനം | - 1909 ൽ കോട്ടയം ചെറിയ പള്ളിയിൽ വച്ച്. |
| മെത്രാപ്പോലീത്ത സ്ഥാനം | - 1927 ൽ യറുശലേമിൽ വച്ച് ഔഗേൻ മാർ തീമോത്തിയോസ് എന്ന നാമധേയത്തിൽ വാഴിക്കപ്പെട്ടു. |
| കാതോലിക്കാ സ്ഥാനം | - 1962 മെയ് 17 ന് നിരണത്ത് വച്ച് കൂടിയ മലങ്കര അസ്സോസിയേഷൻ അദ്ദേഹത്തെ തെരഞ്ഞെടുത്തു. 1964 മെയ് 22 ന് കോട്ടയം എം.ഡി. സെമിനാരിയിൽ വച്ച് മലങ്കരസഭയുടെ 4-ാമത്തെ കാതോലിക്കാ ആയി വാഴിച്ചു. |
| വി.മൂറോൻ കൂദാശ | - 1967 ഡിസംബർ 21 ന് കോട്ടയം പഴയ സെമിനാരിയിൽ വച്ച്. |
| മെത്രാൻസ്ഥാന അഭിഷേകങ്ങൾ | - 1966 ആഗസ്റ്റ് 24 ന് കോലഞ്ചേരിയിൽ, 1975 ഫെബ്രുവരി 16 ന് നിരണത്ത് വച്ച് |
| സ്ഥാനത്യാഗം | - 1975 സെപ്തംബര് 24 ന് പ്രായാധിക്യം മൂലം പിൻഗാമിയായ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായ്ക്ക് കൈമാറി |
| മരണം | - 1975 ഡിസംബർ 8 ന് സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. ദേവലോകം അരമനയിൽ കബറടക്കി. |

[redacted]





വെരി. റവ. പി.യു. കുര്യാക്കോസ്
കോറെപ്പിസ്കോപ്പ

## മുളക്കുളം മാർ യൂഹാനോൻ ഈഹിദോയോ ഓർത്തഡോക്സ് വലിയപള്ളി

# ചരിത്ര നാളാഗമം

എ.ഡി. 1134ൽ വടക്കുംകൂർ രാജാവിന് ഒരു കുമ്പിൾ പണം കൊടുത്ത്, ചെമ്പേടിൽ പള്ളിക്ക് സ്ഥലം വാങ്ങി. വട്ടമലനിരപ്പ് കുരിശുപുരകെട്ടി വി. കുർബ്ബാന ആരംഭിച്ചു. ഈ ആദ്യ ദേവാലയം ഇപ്പോഴുള്ള പള്ളിയുടെ പടിഞ്ഞാറുവശത്ത് വി. ദൈവമാതാവിന്റെ നാമത്തിലായിരുന്നു. അതിനുശേഷം 1599 ൽ മാർ മെനേസ്സിസ്റ്റ് പിറവം പള്ളി വിസീത്തയ്ക്ക് വന്ന അവസരത്തിൽ ഈ പള്ളിയിലും വന്നു. മെത്രാപ്പോലീത്തായുടെ നാമക്കാരനായ അലക്സിസ് (അല്ലേശ്) നാമധേയത്തിൽ ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥാനത്ത് 1599 ജൂലൈ മാസം 20-ാം തീയതി കല്ലിട്ട് ദേവാലയം പണിത് ആരാധന ആരംഭിച്ചു. കൂനൻ കുരിശു സത്യത്തിനുശേഷം ക്രൈസ്തവ സമൂഹം രണ്ടായി വിഭജിക്കപ്പെട്ടു. എങ്കിലും രണ്ടു വിഭാഗക്കാരും 1834 വരെ ഒരേ പള്ളി തന്നെ ഉപയോഗിച്ചു. എന്നാൽ 1835 ൽ പള്ളിയ്ക്കും വസ്തുക്കൾക്കും 36000 ചക്രം വില നിശ്ചയിച്ച് അതിൽ 18000 ചക്രം വിലവാങ്ങി പഴയകൂർ വിഭാഗം പിൻവാങ്ങി. അങ്ങനെ കത്തോലിക്കാസഭ കോമച്ചൻ കുന്നേൽ മാതാവിന്റ നാമത്തിൽ പള്ളിയ്ക്ക് കല്ലിട്ട് ദേവാലയം പണിത് ആരാധന ആരംഭിച്ചു. 1876 ൽ പ. പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് ബാവാ മുളക്കുളം വലിയപള്ളി സന്ദർശിക്കുകയും മാർ അല്ലേശിന്റെ നാമം മാറ്റി താപസശ്രേഷ്ഠൻ മാർ യൂഹാനോൻ ഈഹിദോയോയുടെ നാമത്തിൽ പള്ളി പുനർ നാമകരണം ചെയ്ത് മാർ അഹത്തുള്ളാ ബാവായുടെ ഓർമ്മപ്പെരുന്നാൾ സ്ഥാപിക്കുകയും ചെയ്തു. മലങ്കര സഭയിലെ ഭിന്നതകൾ ഉളവായ അവസരത്തിൽ ഈ പള്ളിയിലും കേസ്സുണ്ടാവുകയും 1958 ലെ ബഹു. സുപ്രീംകോടതി വിധി വന്നപ്പോൾ ഈ ഇടവകയിലും സമീപത്തുമുള്ള പാത്രിയർക്കീസ് വിഭാഗം കൊട്ടാരകുന്ന് പള്ളി സ്ഥാപിച്ച് പിരിഞ്ഞുപോയിട്ടുള്ളതാണ്. 1959 ഫെബ്രുവരി 20-ാം തീയതി കൂടിയ പള്ളി പൊതുയോഗത്തിൽ ഈ പള്ളിയുടെ ഭരണം 1934 ലെ ഭരണഘടന അനുസരിച്ചു മാത്രമേ പോകാവൂ എന്നും ഭരണഘടന അനുസിരിക്കാത്തവരുടെ ആത്മീയ ദിഷ്ടതികൾ നടത്തിക്കൊടുക്കുവാൻ പാടില്ലാ എന്നും ഐക്യകണ്ഠ്യേന നിശ്ചയിച്ചിട്ടുള്ളതുമാണ്. മലങ്കര സഭാ കക്ഷി വഴക്കിൽ ഈ പള്ളിയെ സംബന്ധിച്ച് 1984 ൽ വീണ്ടും കേസ് ആരംഭിച്ചു. 2002 ഒക്ടോബർ മാസം 30-ാം തീയതി ബഹു. എറണാകുളം ജില്ലാകോടതി (O.S.No. 13) ഈ പള്ളി 1934 ലെ ഭരണഘടന അനുസരിച്ച് ഭരിയ്ക്കപ്പെടേണ്ടതാണെന്നും ഇവിടെ രണ്ടു കക്ഷി ഇല്ല എന്നും അസന്നിഗ്ദ്ധമായി വിധിച്ചു. എങ്കിലും വീണ്ടും പ്രശ്നങ്ങൾ ഉടലെടുക്കുകയും പള്ളി റസീവർ ഭരണത്തിൽ ആവുകയും ചെയ്തു. തുടർ നടപടികളിൽ പാത്രിയർക്കീസ് വിഭാഗം, ഇനി മേലിൽ ഈ വിഷയം സംബന്ധിച്ച് യാതൊരുവിധ കേസ്സുകളും കൊടുക്കുവാൻ അവകാശമില്ല എന്നത് സമ്മതിച്ച് എഴുതികൊടുത്ത് അവർ കേസ് പിൻവലിച്ച് പോയിട്ടുള്ളതുമാണ്. ഇപ്പോൾ പൂർണ്ണമായി മലങ്കര ഓർത്തഡോക്സ് സഭയുടെ ഉടമസ്ഥതയിലും ഭരണത്തിലും അധീനതയിലും മാത്രമേ പോകാവൂ എന്ന് ബഹു. കേരള ഹൈക്കോടതി വിധി വരുകയും അത് മാനിച്ച് 2018 ജനുവരി മാസം 20-ാം തീയതി പള്ളിയുടെ താക്കോൽ വെരി. റവ. പി.യു. കുര്യാക്കോസ് കോറെപ്പിസ്ക്കോപ്പായെ ഏൽപ്പിക്കുകയും പള്ളി തുറക്കുകയും ചെയ്തു. 1975 ന് ശേഷം ആദ്യമായി ഭദ്രാസന മെത്രാപ്പോലീത്ത അഭി. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി ദേവാലയത്തിൽ പ്രവേശിച്ച് വി. കുർബ്ബാന അർപ്പിച്ചു. വികാരിയായി ഫാ. ജോൺ കുര്യാക്കോസ് പോത്താറയിൽ, സഹവികാരിയായി ഫാ. ഗീവർഗീസ് ജോണും സേവനമനുഷ്ഠിക്കുന്നു.

# മലങ്കരസഭാചരിത്രവും യുവജനപ്രസ്ഥാനവും



ലിന്റോ പോൾ ജേക്കബ്

മലങ്കരസഭയുടെ ചരിത്രത്തോട് കൂട്ടി വയ്ക്കപ്പെടേണ്ട ഒന്നാണ് യുവജനപ്രസ്ഥാനവും അതിന്റെ ചരിത്രവും. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ യുവജനപ്രസ്ഥാനത്തിന്റെ പേരുകൾ നമുക്ക് സഭയിൽ അങ്ങിങ്ങ് ദർശിക്കാമെങ്കിലും അതിനു മുമ്പേ യുവജനങ്ങൾക്ക് ഒരു കൂട്ടായ്മ ഉണ്ടായിരുന്നതായി സംശയിക്കാം. മലങ്കരസഭയിലേക്ക് അയക്കപ്പെട്ട അലക്സാഡ്രിയൻ മെത്രാപ്പോലീത്താ അഹത്തുള്ളയെ കൊച്ചിയിൽ കെട്ടിത്താഴ്ത്തിയ സംഭവത്തിൽ, മലങ്കരസഭയിലെ യുവാക്കൾ പറങ്കി പട്ടാളത്തെ ഉപരോധിച്ചതായി 1NA പോലുള്ള ചരിത്രകാരന്മാർ വാദിക്കുമ്പോൾ അന്നുമുതലേ യുവജനങ്ങൾക്ക് ഒരു നേതൃത്വവും കൂടി ഉള്ളതായി ലേഖകൻ സംശയിച്ചാൽ അത് അസ്ഥാനത്താകുമെന്ന് ഒട്ടും ശങ്കയില്ല. 1890-ൽ റാന്നി, കുന്നംകുളം, നിരണം സ്ഥലങ്ങളിൽ യുവജനസംഘങ്ങൾ ഉണ്ടായിരുന്നതായി വ്യക്തം. പിന്നീട് 1933-ൽ അഭി. വാളക്കുഴി സേവേറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ സുറിയാനി യുവജനസംഘം രൂപീകരിച്ചു. എന്നാൽ ഈവാനിയോസ് (ബഥനി) ചുവടുമാറ്റവും മറ്റു കോലാഹലങ്ങളും മലങ്കരസഭക്ക് ഏൽപ്പിച്ച പ്രഹരം പ്രസ്ഥാനത്തെയും ബാധിച്ചു. പിന്നീട് 1936-51 ന് പുത്തൻകാവിൽ തിരുമേനിയുടെ നേതൃത്വം പ്രസ്ഥാനത്തിനു പുതിയ ഉണർവേകി. പിന്നീട് 98-ൽ സഭാ സമാധാനം നിലവിൽ വന്നു. അപ്പോൾ വടക്കൻ പ്രദേശത്തേക്കും പ്രസ്ഥാനത്തെ വ്യാപിപ്പിക്കാൻ സഭ മടിച്ചില്ല.. കരിങ്ങാച്ചിറ തുടങ്ങിയ സഭ വടക്കുള്ള ശക്തികേന്ദ്രമായി. പിന്നീട് ഓർത്തഡോക്സ് യൂത്ത് എന്ന പ്രസിദ്ധീകരണം അടിച്ചതും 61 ൽ ടി.ജെ. ജോഷ്വ അച്ചൻ സെക്രട്ടറി ആയതും, Worship, Study, Service എന്ന മോട്ടോയോടുകൂടി പുതിയ എബ്ലം രൂപീകരിച്ചതും, പ്രസ്ഥാനത്തിനു സ്വന്തമായി ഭരണഘടന നിർമ്മിച്ചതും എല്ലാം സുവർണ്ണചരിത്രമെന്ന് തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. ഇത്രയും ചരിത്രം എഴുതിയത്, സഭയോടൊപ്പം ചുരുങ്ങുകയും സഭയോടൊപ്പം വളരുകയും ചെയ്ത നട്ടെല്ലുള്ള ദിശാബോധമുള്ള പ്രസ്ഥാനമാണ് യുവജപ്രസ്ഥാനം എന്ന് സാധൂകരിക്കുവാനാണ്. പ്രക്ഷുബ്ധ സംഭവങ്ങൾ സഭയിൽ അരങ്ങേറിയപ്പോഴൊക്കെ സഭയോടൊപ്പം നിന്നു പടപൊരുതിയ ഏക ആദ്ധ്യാത്മിക പ്രസ്ഥാനമാണ് യുവജനപ്രസ്ഥാനം.

അടിസ്ഥാനമില്ലാത്ത യുവത്വം ഇക്കാലത്ത് തിളക്കങ്ങൾക്ക് പിന്നാലെ പോകുമ്പോൾ, മലങ്കരസഭക്ക് തന്റെ മക്കളെ ലഹരിക്കും ദുശ്ശീലങ്ങൾക്കും വിട്ടുനല്കാതെ കാക്കുവാനുള്ള ഒരു വലിയ ഉത്തരവാദിത്തം ഈ പ്രസ്ഥാനത്തിനുണ്ട് എന്നത് മറന്നുപോകരുത്. എന്തൊക്കെയായാലും വർഷിപ്പ്, ആരാധനയാണ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ അടിസ്ഥാനം. ആരാധനയിൽ നിന്ന് അല്ലെങ്കിൽ ആത്മീയതയിൽ നിന്നുമാത്രമാണ് മറ്റു രണ്ടു ഘടകങ്ങൾ (പഠനം, സേവനം) നമുക്ക് എത്തിപ്പിടിക്കുവാൻ സാധിക്കൂ എന്ന് തിരിച്ചറിയണം. ലോക ക്രൈസ്തവ സഭകൾക്ക് മാതൃകയായ ഒരു പ്രസ്ഥാനത്തിലെ ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിലെ അംഗമാണ് ഞാൻ എന്നു പറയുമ്പോൾ അഭിമാനമല്ലാതെ മറ്റൊരു വികാരവും മനസ്സിൽ തെളിയില്ല.

ഫാ. ഡോ. വർഗീസ് പി. വർഗീസ്

## ചില കൂദാശകളുടെ സുറിയാനി പേരുകൾ

| | | |
|---|---|---|
| മാമോദീസ | (അ്മോദൊ) | ܥܡܕܐ |
| മാമോദീസ | (മാമൂദിസൊ) | ܡܥܡܘܕܝܬܐ |
| വിവാഹം | (സൂവോഗൊ) | ܙܘܘܓܐ |
| രണ്ടാം വിവാഹം | (സൂവോഗൊ ത്രായോനൊ) | ܙܘܘܓܐ ܬܪܝܢܐ |
| ഭവനശുദ്ധീകരണം | (ബൂറോക് ബൈത്തൊ) | ܒܘܪܟ ܒܝܬܐ |
| രോഗികളുടെ തൈലാഭിഷേകം | (മെശ്ഹൊ ദക്റീഹെ) | ܡܫܚܐ ܕܟܪܝܗܐ |

# കവിത

എം.വി. ജോസഫ്

വഴിയും സത്യവും ജീവനും ആയുള്ള
ആത്മാദ്ധ്യക്ഷനായവനേ
ആത്മാവിനാലും സത്യത്തിനാലും
ആത്മാർത്ഥമായ് എന്നും ആരാധിയ്ക്കും.
ശ്രേഷ്ഠമാം സ്തുതികീർത്തനം
പാടി വാഴ്ത്തുക
നാൾ എന്നും നീ അവനെ.
തൻതിരുനാമം മഹത്വപ്പെടാൻ
അവനുടെ കല്പന ആചരിക്കാം.
മോക്ഷത്തിൻ മാർഗ്ഗം കണ്ടെത്തിടാൻ
നിൻ അഭിവാഞ്ഛ എത്രയും കാലം.
ദൈവഹിതത്തിന് ഉതകിടേണം
ദൈവീക നൽവരത്തിൻ വഴി
കണ്ടെത്തും ഏവനും ശ്രേഷ്ഠമാം
ദൈവീക നന്മകൾകൈവരുമേ
നിത്യമാം കാലത്തോളം അവന്.







വർഗ്ഗീസ് കരിപ്പാടം

# ദേവാലയം വിട്ട് പന്തലുകളിലേക്ക് ഓടുന്നോ ?

പരിശുദ്ധ സഭയുടെ മക്കൾ എല്ലാവരും വി. മാമോദീസായിലൂടെ പരിശുദ്ധാത്മാവിനെ പ്രാപിച്ചവരാണ്. ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും വിശ്വസിക്കുന്നു എന്ന് ദിവസവും വിശ്വാസപ്രമാണത്തിൽ ചൊല്ലുകയും ചെയ്യുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ ആലയമായതു മുതൽ മറ്റു രണ്ട് ദൈവീക നൽവരങ്ങൾക്കുകൂടി നാം യോഗ്യത നേടിയിട്ടുണ്ട്. യേശുക്രിസ്തുവിന്റെ നിത്യ പുത്രത്വത്തിലൂടെ പുത്രത്വവും, പാപത്തിനെതിരെ ജയ ജീവിതം നയിക്കാനുള്ള ആത്മീയ പ്രതിരോധ ശക്തിയുമാണ് ആ യോഗ്യതകൾ. ലഭിച്ചിട്ടുള്ള നൽവരങ്ങളെയെല്ലാം മനസ്സിലാക്കാതെ "ലോകസുഖങ്ങൾ നേടിത്തരുന്ന പുത്തൻ പരിശുദ്ധാത്മാവിനെ" അന്വേഷിച്ച് പന്തലുകളിൽ നിന്ന് പന്തലുകളിലേക്ക് ഓടുന്ന അനേകരെ ഇന്നു കാണാം. ഇപ്രകാരമുള്ള ഓട്ടത്തിലൂടെയല്ല മറിച്ച് ദൈവസാന്നിദ്ധ്യത്തിന്റെ വേദിയായ ദൈവാലയത്തോട് ചേർന്നു നിന്നുകൊണ്ട് ലഭിച്ചിരിക്കുന്നതായ ആത്മാവിനെ പരിപോഷിപ്പിക്കുകയും ജ്വലിപ്പിക്കുകയും ചെയ്യാനുള്ള നടപടികളാണ് ഓരോ വിശ്വാസികളിൽ നിന്നും ഉണ്ടാകേണ്ടത്. ലോകമയന്മാരോടുള്ള സമ്പർക്കം, ലഭിച്ചിരിക്കുന്നതായ പരിശുദ്ധാത്മാവിന്റെ ശോഭ കുറയ്ക്കുവാൻ കാരണമായിട്ടുണ്ടാകും. അതിനാൽ നമ്മിലെ ആത്മാവിനെ പ്രാർത്ഥനയും ദൈവാരാധനയും വഴിയായി നവീകരിച്ച് ശക്തീകരിക്കേണ്ടതുണ്ട്. ഈ ശാക്തീകരണമാകട്ടെ ഒത്തൊരുമയുടേയും കാത്തിരുന്നുള്ള പ്രാർത്ഥനയുടേയും ഫലമായിട്ട് മാത്രമേ അനുഭവവേദ്യമാകൂ എന്ന് അ. പ്ര. 1 ൽ നാം വായിക്കുന്നുണ്ട് " നിങ്ങൾ യറുശലേമിൽനിന്ന് വാങ്ങിപ്പോകാതെ എന്നോടുകേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം " യരുശലേം ദൈവസാന്നിദ്ധ്യത്തിന്റെ ഇടമാണ്. ദൈവം വസിക്കുന്ന ഇടത്താണ് ആത്മ നിറവിനായി പ്രാർത്ഥന കഴിക്കേണ്ടത്. പ്രാർത്ഥനയാകട്ടെ ഒരേ മനസ്സോടെയും പ്രത്യാശയോടെയും നടന്നിരിക്കുകയും വേണം.


പരിശുദ്ധാത്മാവ് വരണം എങ്കിൽ മനസ്സിൽ ഒരു ഇടം ഉണ്ടാക്കുക എന്നതാണ്. ഇപ്പോൾ നിറഞ്ഞിരിക്കുന്ന ഹൃദയ വിചാരങ്ങളെ ഒഴുക്കിക്കളയണം. ജഡീക ഇച്ഛകൾ ഒഴുകി അകന്ന് ശൂന്യമാക്കപ്പെട്ടിരിക്കുന്ന കൂട്ടിലേക്ക് പ്രാർത്ഥനാ മന്ത്രങ്ങളുയരുമ്പോൾ ഒരു പക്ഷിയെന്നപോലെ പരിശുദ്ധാത്മാവ് പറന്നിറങ്ങും. അവിടുത്തെ നൽവരങ്ങളാകുന്ന കൃപകൾ നമ്മിൽ നിറഞ്ഞൊഴുകും. പരിശുദ്ധാത്മാവിന്റെ വ്യാപാര ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ഇന്ദ്രിയ ജയം, സേവന തല്പ്പരത എന്നിവ നമ്മിൽ ജ്വലിക്കുകയും ചെയ്യും.

പരിശുദ്ധാത്മാവ് ഉള്ളവരെ തിരിച്ചറിയാൻ സാധിക്കും. ഇരുമ്പുസൂചിയിലേക്ക് വൈദ്യുതി പ്രവഹിച്ചാൽ അത് കാന്തമായി മാറുകയും, എപ്പോഴും വടക്ക് തെക്ക് ദിശ കാണിക്കുകയും ചെയ്യുന്നു. അതിനാലാണ് സമുദ്ര സഞ്ചാരികൾ വടക്കുനോക്കി യന്ത്രത്തെ ആശ്രയിക്കുന്നത്. ഏതു വലിയ കപ്പലും സഞ്ചരിക്കപ്പെടേണ്ടുന്ന വഴി നിശ്ചയിക്കപ്പെടുന്നത് കാന്തമായി മാറിയ ഈ സൂചിയുടെ ചലനം അനുസരിച്ചാണ്. കാന്തസൂചി നൽകുന്ന ലക്ഷ്യത്തെപ്പറ്റിയുള്ള ബോദ്ധ്യമാണ് കൂറ്റൻ തിരമാലകളിലും തളരാതെ തീരമണയുവാൻ സഞ്ചാരിയെ കർമ്മനിരതനാക്കുന്നത്. ചെന്ന് ചേരേണ്ടതായ "വരുവാനിരിക്കുന്ന പുതിയ ലോകത്തേയും" അതിന്റെ നായകനായ ക്രിസ്തുവിനേയും കുറിച്ചുള്ള ബോധ്യം പരിശുദ്ധാത്മാവ് നമുക്ക് നൽകുന്നുണ്ട്. ആ ബോധ്യം ഉള്ളവർ ശക്തി ലഭിച്ചിട്ട് ഭൂമിയുടെ അറ്റത്തോളം കർത്താവിന്റെ സാക്ഷികൾ ആകും. അവർ നീതിപാതകളിൽ നടക്കും. അവരിൽ ആത്മാവിന്റെ ഫലം പുഷ്ടിപ്പെടും. അവർ കഷ്ടതയിൽ സഹിഷ്ണുതയും ആത്മാനന്ദവും കണ്ടെത്തും. പ്രതിസന്ധികളിൽ തളരാതെ ദൈവീക സമാധാനവും ദൈവകൃപയും നിറഞ്ഞ ജീവിത പാതയിൽ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കും. ദുഷ്ടശക്തികൾക്ക് ഉള്ളിൽ പ്രവേശിക്കാനാവാത്ത വിധം അവരുടെ ഹൃദയം മുദ്രയിടപ്പെട്ടിരിക്കും. അവർ ദേവാലയം വിട്ട് പന്തലുകളിലേക്ക് ഓടുകയില്ല.

നാം ഓരോരുത്തരും വി. ദേവാലയത്തിൽ വച്ച് വി.മാമോദീസയിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച് മുദ്രയിടപ്പെട്ടവരാണ്. ലഭിച്ചിരിക്കുന്നതായ ആത്മാവ് നവീകരിക്കപ്പെട്ട്, ജ്വലിക്കപ്പെട്ട്, ശാക്തീകരിക്കപ്പെട്ട് ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കാൻ നമുക്ക് സാധിക്കണം. ആയതിന് കൃപയേകണം എന്ന് പിതൃ പുത്ര പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുന്നു.

☩

# അർത്ഥന



ഡോ. ജെ.കെ.എസ്. വീട്ടൂർ

പാഴ്മുളം തണ്ടും മുരളിയാക്കീടുന്ന
ബ്രഹ്മാണ്ഡശിൽപിയെക്കൈതൊഴുന്നേൻ
കാറ്റിന്റെ കയ്യിൽ ഘനാംബുപോലെന്നെനിൻ
കൈകളിലർപ്പിച്ചു കാത്തിരിപ്പൂ.

മാമലപ്രൗഢിയായ് കേരന്ദമായ് വാനിൽ
മാരിവില്ലിന്റെ മനോജ്ഞതയായ്
കനലിന്റെ ചൂടായിക്കാറ്റിന്റെ ശക്തിയായ്
കണിമഞ്ഞുമായുഷ സന്ധ്യയിങ്കൽ

പിഞ്ചിളം പൈതലിൻ പുഞ്ചിരിയായ് മമ
നെഞ്ചിന്റെ സംഗീതമായ് ഭഗവൻ,
പാംസുവാൽ തീർത്തോരുടലിൽ നിരാമയം
പാലിച്ചിടുന്നാത്മ ചൈതന്യത്തെ

അർത്ഥിക്കും ദേഹികൾക്കാശ്വാസമായ് സഹ-
സഞ്ചാരിയായ് മൃദുമാനസർക്കും
ഘനജ്യോതിസായ് രാത്രി താണ്ടുവോർക്കും തെറ്റി-
നിരുളിൽ ചരിപ്പോർക്കുമൊന്നുപോലെ

കാനനച്ചോലയ്ക്കു കാൽച്ചിലമ്പേകുന്ന
കാവ്യസന്ധ്യാംബര ചിത്രകാരാ
കരളിൽക്കദനക്കരിനിഴൽ വീഴാതെ
കാക്കുക നീയൊരു നെയ്‌വിളക്കായ്.

☩

| | |
|---|---|
| 2018 ഫെബ്രു. 12 | : പരി. വലിയനോമ്പ് ആരംഭം |
| മാർച്ച് 02 | : പാതി നോമ്പ് |
| മാർച്ച് 23 | : 40 – ാം വെള്ളി |
| മാർച്ച് 25 | : ഓശാന ഞായർ |
| മാർച്ച് 29 | : പെസഹ വ്യാഴം |
| മാർച്ച് 30 | : ദുഃഖവെള്ളി |
| ഏപ്രിൽ 01 | : ഈസ്റ്റർ |



# ആരാധനാ ഗാനങ്ങളുടെ അർത്ഥവും വേദപുസ്തക അടിസ്ഥാനവും

ഫാ. ഡോ. വർഗീസ് പി. വർഗീസ്

**സ്തുതി ദൈവത്തിനുയരത്തിൽ.....**

ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും തന്റെ മാതാവിന് ബഹുമാനവും സഹദേന്മാർക്ക് പുകഴ്ചയുടെ കിരീടവും വാങ്ങിപ്പോയവർക്ക് ദയയും കരുണയും ഉണ്ടാകട്ടെ - ഹാലേലുയ്യാ

**ഉണ്ടാകട്ടെ നല്ലോർമ്മ....**

നാഥാ, കന്യാത്വത്തിൽ നിന്നെ പ്രസവിച്ച പരിശുദ്ധ കന്യകമറിയാമിന് നല്ല ഓർമ്മ ഉണ്ടാകട്ടെ. അവളുടെ പ്രാർത്ഥന നമുക്ക് സഹായമാവട്ടെ - ഹാലേലുയ്യാ

നാഥാ-നിബിയന്മാർക്കും, ശ്ലീഹന്മാർക്കും സഹദേന്മാർക്കും, നീതിമാന്മാർക്കും, പുണ്യവാന്മാർക്കും നല്ല ഓർമ്മ ഉണ്ടാകട്ടെ. അവരുടെ പ്രാർത്ഥന നമുക്ക് സഹായമാവട്ടെ - ഹാലേലുയ്യാ

മാർ ബസേലിയോസിനും, മാർ ഗ്രീഗോറിയോസിനും നല്ല ഓർമ്മ ഉണ്ടാകട്ടെ. അവരുടെ പ്രാർത്ഥന നമുക്ക് സഹായമാവട്ടെ- ഹാലേലുയ്യാ

**ഭൂവാകെ നമിക്കും നിന്നെ.....**

ഭൂലോകം നിന്നെ നമിക്കുകയും വന്ദിക്കുകയും ചെയ്യും; എല്ലാ നാവും നിന്റെ നാമത്തെ സ്തുതിക്കും. എന്തെന്നാൽ നീ മരിച്ചവരെ ഉയർപ്പിക്കുന്നവനും, കബറടക്കപ്പെട്ടവരുടെ നല്ല ശരണവുമാകുന്നു - ഹാലേലുയ്യാ (ഫിലിപ്പ്യർ. 2:11)



എം.ജി. യൂണിവേഴ്സിറ്റി M.Sc. ബോട്ടണിക്ക് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ തേവനാൽ മാർ ബഹനാൻ ഓർത്തഡോക്സ് പള്ളി ഇടവകാംഗം

**ആമോസ് പി. തോമസിന്**

## അഭിനന്ദനങ്ങൾ


## അഭിനന്ദനങ്ങൾ



AIIMS Delhi ൽ നിന്ന് B.Sc. (Hons) നേഴ്സിംഗിന് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ പെരുവ സെന്റ് മേരീസ് കാതോലക്കേറ്റ് സെന്റർ ഇടവകാംഗവും നെടുമറ്റത്തിൽ എൻ.വി. ഏലിയാസിന്റെ പുത്രിയുമായ **എമി ഏലിയാസ്** ഇൻഡ്യൻ പ്രസിഡന്റ് **ശ്രീ. റാംനാഥ് കോവിന്ദിൽ** നിന്ന് സമ്മാനം ഏറ്റുവാങ്ങുന്നു.

ഈ വർഷത്തെ പ്രീമാരിറ്റൽ കൗൺസലിംഗ് ക്ലാസ്സുകൾ **2018 മാർച്ച് 10, ജൂൺ 9, സെപ്തംബർ 8, ഡിസംബർ 8** എന്നീ തീയതികളിൽ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ വച്ച് നടത്തപ്പെടുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്
**ഫാ. ജോൺ കുര്യാക്കോസ്**
**9809808084**




വെരി. റവ. പി.യു. കുര്യാക്കോസ്
കോറെപ്പിസ്കോപ്പ

# ബൈബിൾ ക്വിസ്

## A. പഴയനിയമം (സംഖ്യാപുസ്തകം)

1. ഹോശായ എന്നതിന്റെ അപരനാമം എഴുതുക.?
2. കാലേബിന്റെ പിതാവിന്റെ പേര്.?
3. അഹരോന്റെ ആയുഷ്കാലം എത്ര വർഷമായിരുന്നു.?
4. എത്ര ഗോത്രങ്ങളെ എണ്ണാനായിരുന്നു ദൈവം മോശയോട് കൽപ്പിച്ചത്.?
5. കനാൻ ദേശം ഉറ്റു നോക്കുന്നതിന് മോശ ആളുകളെ അയച്ചത് എവിടെനിന്നായിരുന്നു.?
6. ദയവിചാരിച്ച് എന്നെ കൊന്നു കളയണമെന്ന് യഹോവയോട് പറഞ്ഞവൻ.?
7. യോശുവാ ഏതു ഗോത്രക്കാരനായിരുന്നു.?
8. ദശാംശത്തിൽ നിന്ന് ദശാംശം കൊടുത്തവർ.?
9. ആകാശത്തുനിന്ന് തീ ഇറങ്ങി പാളയത്തിലുള്ളവരെ ദഹിപ്പിച്ചു കളഞ്ഞു. ഏതു സ്ഥലത്തുവച്ച്.?
10. ഞാൻ പാപം ചെയ്തിരിക്കുന്നു എന്നു പറഞ്ഞ പ്രവാചകൻ.?

## B. പുതിയ നിയമം (രണ്ട് കോരിന്ത്യർ)

11. ദു:ഖത്തിന്റെ രണ്ടു മുഖങ്ങൾ വി. പൗലോസ് വിവരിക്കുന്നു. ഏതെല്ലാം.?
12. അവിശ്വാസികളോട് എന്തരുതെന്നാണ് പൗലോസ് പറഞ്ഞിരിക്കുന്നത്.?
13. പുതിയ നിയമത്തിൽ ത്രിത്വനാമത്തിലുള്ള ഏക ആശീർവ്വാദം ഏതു ഭാഗത്താണ്.?
14. എഫേസോസിൽ വച്ചുണ്ടായ കഷ്ടതയിൽ നിന്ന് എങ്ങിനെ രക്ഷ പ്രാപിച്ചു എന്നാണ് വി. പൗലോസ് പറഞ്ഞിരിക്കുന്നത്.?
15. ഭൗതീക ശരീരത്തെ ആത്മാവിന്റെ താത്കാലിക വാസസ്ഥലമായ കൂടാരം എന്ന് വിശേഷിപ്പിച്ച വേദഭാഗം എഴുതുക.?

## C. സഭാസംബന്ധമായവ.

16. എത്ര തരം കൗമാ പ്രാർത്ഥനകൾ സഭയുടെ ആരാധനയിലുണ്ട് ? ഏതെല്ലാം ?
17. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാത്തോലിക്കാ ബാവയുടെ ഓർമ്മ ദിനമേത്?
18. കന്യക മറിയാമിനെ ദൈവമാതാവ് എന്ന് വിളിയ്ക്കണമെന്ന് നിശ്ചയിച്ച സുന്നഹദോസ് ?
19. ദർഗ്ഗായിൽ കയറി നിൽക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥാനികൾ ആരെല്ലാം.?
20. ഓഗസ്റ്റ് ഒന്നിന്റെ സഭാകരമായ പ്രത്യേകത എന്ത്.?

ഉത്തരങ്ങൾ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി: **30-05-2018**

### കഴിഞ്ഞ ലക്കം ബൈബിൾ ക്വിസ് ഉത്തരങ്ങൾ

**പഴയ നിയമം (സംഖ്യാ പുസ്തകം)**

1. മഹാപുരോഹിതന്റെ മരണം വരെ.
2. രൂബേൻ, ഗാദ്, മനശ്ശെയുടെ പാതി
3. ലേവി ഗോത്രം
4. എലയാസ്സെർ
5. സാക്ഷാൽ ദാനമുത്തുവൻ
6. 50 വയസ്സ്
7. ഹോർ പർവ്വതത്തിൽ വച്ച്
8. ഇസ്രായേൽ
9. തഹത്ത്
10. ഇടയനില്ലാത്ത ആടുകളെപ്പോലെ

**പുതിയ നിയമം (2 കൊരിന്ത്യർ)**

11. പൗലോസ്
12. ക്രിസ്തുവിൻ പത്രം
13. വെളിച്ച ദൂതൻ
14. 2 കൊരി. 13:14
15. സാത്താന്റെ ദൂതനെ

**സഭാസംബന്ധമായവ.**

16. യെഹബ്ക്കിയേൽ 3:12
17. യൂയാക്കീം മാർ ഈവാനിയോസ്
18. 1653 ജനുവരി 3. മട്ടാഞ്ചേരി
19. കുസ്ത്തന്തിനോസ് ചക്രവർത്തി
20. തക്ഷശിലയിലെ രാജാവ്.

**കഴിഞ്ഞ ലക്ക വിജയി**

വത്സ എബ്രാഹാം
വണ്ടാനത്തിൽ
കോലഞ്ചേരി

അയ്ക്കേണ്ട വിലാസം
ചീഫ് എഡിറ്റർ, പ്രദീപ്തി
പ്രസാദം സെന്റർ, കോലഞ്ചേരി

# ഭദ്രാസന വാർത്തകൾ




## സ്വാതന്ത്ര്യ ദിനാഘോഷം

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യ ദിനാഘോഷം നടത്തി . വിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ ശുശ്രൂഷകൾക്ക് ശേഷം ഫാ. ഏലിയാസ് കെ.വി ദേശീയ പതാക ഉയർത്തി. തുടർന്ന് കടയിരുപ്പ് പ്രശാന്തി ഭവനിലെ അന്തേവാസികൾക്കൊപ്പം സമയം ചിലവഴിച്ച പ്രസ്ഥാനാംഗങ്ങൾ മധുര പലഹാരങ്ങൾ വിതരണം ചെയ്തു.

## മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ

2017 ആഗസ്റ്റ് മാസം 18,19 തീയതികളിൽ അഭിവന്ദ്യ പിതാവ് അന്ത്യ വിശ്രമം കൊള്ളുന്ന മുളക്കുളം കർമ്മേൽകുന്ന് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ ആചരിച്ചു. വി. പെരുന്നാൾ കുർബ്ബാനയ്ക്ക് പരിശുദ്ധ കാതോലിക്ക മോറാൻ മോർ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ബാവ പ. സുന്നഹദോസ് സെക്രട്ടറി. അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് എന്നിവർ കാർമ്മികത്വം വഹിച്ചു. വി. കുർബ്ബാനാനന്തരം മുളക്കുളം കർമ്മേൽ കുന്ന് മർത്തോമൻ സൺഡേ സ്കൂളിന്റെ ഒരു വർഷം നീണ്ടു നിൽക്കുന്ന ശതാബ്ദി അഘോഷ പരിപാടികൾ പരിശുദ്ധ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. ഇടവകയുടെ സ്ഥാപന കാലഘട്ടത്തിൽ മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ച കോച്ചേരിൽ യൂഹാനോൻ കശീശായുടെ ചരമശതാബ്ദിയുടേയും മുളക്കുളം കർമ്മേൽ കുന്ന് മർത്തോമൻ സൺഡേ സ്കൂൾ ശതാബ്ദിയുടേയും ഭാഗമായി ഒരു വർഷം നീണ്ടു നിൽക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പരിശുദ്ധ കാതോലിക്ക ബാവ നിർവ്വഹിച്ചു. അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ക്രിസ്തുശാസ്ത്ര ഗ്രന്ഥത്തിന്റെ പ്രകാശന കർമ്മം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. സിറിയക് തോമസിന് നൽകി പരിശുദ്ധബാവ തിരുമനസ് നിർവ്വഹിച്ചു. തുടർന്നു നടന്ന ഭദ്രാസന വൈദീക സമ്മേളനത്തിൽ പ. സുന്നഹദോസ് സെക്രട്ടറി അഭി.ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് തിരുമേനി ക്ലാസ് നയിച്ചു.

പെരുന്നാൾ ചടങ്ങുകൾക്ക് വികാരി ഫാ. റ്റി.പി. കുര്യൻ തളിയച്ചിറ, ട്രസ്റ്റി ജോർജ്ജ്.സി. പോൾ, സെക്രട്ടറി ഉല്ലാസ് കെ. ജോസ്, പെരുന്നാൾ കൺവീനർ ജിബി ജോൺ എന്നിവർ നേതൃത്വം നൽകി.

## കർമ്മേൽകുന്ന് തീർത്ഥയാത്ര

ഭാഗ്യസ്മരണാർഹനായ അഭി. ജോസഫ് മാർ പാക്കോമിയോസ് തിരുമേനിയുടെ 26-ാം ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ അഭിവന്ദ്യ പിതാവിന്റെ കബറിങ്കലേക്ക് പിറവം സെന്റ് ഗ്രിഗോറിയോസ് തീർത്ഥാടന കേന്ദ്രത്തിൽ നിന്നും ആഗസ്റ്റ് 18, വൈകിട്ട് തീർത്ഥാടന യാത്ര പുറപ്പെട്ടു. അഭിവന്ദ്യ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി അശീർവദിച്ച തീർത്ഥയാത്രയ്ക്ക് ഫാ. യാക്കോബ് തോമസ് പൂവത്തുങ്കൽ, ഫാ. വി.എ മാത്യൂസ് വാതക്കാട്ടിൽ. ഫാ. ജോസഫ് മങ്കിടി എന്നിവർ നേ

തൃത്വം നൽകി. ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്നായി ധാരാളം വിശ്വാസികൾ തീർത്ഥയാത്രയിൽ സംബന്ധിച്ചു.

### വാർഷികദിനാഘോഷം നടത്തി

പ്രതീക്ഷാ ഭവനത്തിന്റെയും പ്രശാന്തി ഭവനത്തിന്റെയും പ്രത്യാശാ ഭവനത്തിന്റെയും വാർഷികദിനാഘോഷ പരിപാടികൾ 2017 ആഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച പാലക്കുഴ പ്രതീക്ഷാ ഭവനത്തിൽ വച്ച് നടത്തപ്പെട്ടു. അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് (പ്രസിഡന്റ്) തിരുമേനി അദ്ധ്യക്ഷത വഹിച്ചു സമ്മേളനത്തിൽ കോലഞ്ചേരി മെഡിക്കൽകോളേജ് അസി. പ്രൊഫ. ഡോ. ജെ.കെ.എസ്.വീട്ടൂർ മുഖ്യാതിഥി ആയിരുന്നു. വടവുകോട് - പാലക്കാട് മാർ ബസേലിയോസ് ചിൽഡ്രൻസ് ഹോം, കിഴക്കമ്പലം ബാലികാമന്ദിരം, പ്രതീക്ഷാ, പ്രത്യാശാ ഭവൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കലാപരിപാടികളും നടത്തപ്പെട്ടു.

### കുടുംബ സംഗമവും ഓണാഘോഷവും

ഓണത്തിനോടനുബന്ധിച്ച് മണ്ണൂക്കുന്ന് കത്തീഡ്രലിൽ സെപ്തംബർ 3 ന് വി. കുർബ്ബാനാനന്തരം കുടുംബസംഗമവും ഓണാഘോഷവും നടത്തി. വികാരി ഫാ.ജോസ് തോമസ് കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. പ്രായഭേദമെന്യേ കലാകായിക പരിപാടികൾ നടന്നു. അന്നേ ദിവസം യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ലൈബ്രറി പ്രശസ്ത കവി ശ്രീ.ചെമ്മനം ചാക്കോ ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ വനിതാ സമാജത്തിന്റെ നേതൃത്വത്തിൽ നടന്ന ഉപവിസമർപ്പണം സിസ്റ്റർ ദീനയ്ക്ക് കൈമാറി. കത്തീഡ്രലിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ വരുത്തുന്ന വിധം 'കരുണ' എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകി. ടി പദ്ധതിയുടെ ഉദ്ഘാടനം കടുത്തുരുത്തി എം. എൽ. എ മോൻസ് ജോസഫ്





നിർവ്വഹിക്കുകയും ചെയ്തു. 10, 12 ക്ലാസുകളിൽ മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥികളെ അനുമോദിച്ചു. ഏറ്റവും നല്ല കർഷകർക്കുള്ള കർഷകശ്രീ - ക്ഷീര കർഷകശ്രീ അവാർഡുകൾ യഥാക്രമം ചെമ്മനം വേളാമറ്റത്തിൽ തമ്പി വർഗ്ഗീസ്, ചെമ്മനം വേളാമറ്റത്തിൽ റോയി വർഗ്ഗീസ് എന്നിവർക്ക് വിതരണം ചെയ്തു. ഫാ. വി.എം. മാത്യു, ഫാ. വി.എം പൗലോസ്, വാർഡ് മെമ്പർ മഞ്ജു ഷൈജിൻ എന്നിവർ പങ്കെടുത്തു.

### ഓണക്കിറ്റ് വിതരണം

ഓണാഘോഷ പരിപാടികളുടെ ഭാഗമായി കോലഞ്ചേരി പള്ളി യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നിർദ്ധനരായ 60 കുടുംബങ്ങൾക്ക് ഓണക്കിറ്റുകൾ വിതരണം ചെയ്തു. ഒരു കിറ്റിൽ ഒരു കുടുംബത്തിന് വേണ്ട ആവശ്യസാധനങ്ങൾ എല്ലാം ഉൾപ്പെടുത്തി 1000 രൂപ വില വരുന്ന



കിറ്റുകളാണ് വികാരി ഫാ. ജേക്കബ് കുര്യൻ, സഹവികാരി ഫാ. ലൂക്കോസ് തങ്കച്ചൻ, ട്രസ്റ്റി സാജു പടിഞ്ഞാക്കര എന്നിവർ ചേർന്നു വിതരണം ചെയ്തു.

### ഭദ്രാസനതല അദ്ധ്യാപക പരിശീലന ക്യാമ്പ്.



കണ്ടനാട് വെസ്റ്റ് ഭദ്രാസനതല സൺഡേസ്കൂൾ അദ്ധ്യാപക പരിശീലന ക്യാമ്പുകൾ മേഖല അടിസ്ഥാനത്തിൽ സെപ്റ്റംബർ 6 ന് പാമ്പാക്കുട സെന്റ് തോമസ് ചെറിയ പള്ളി

യിൽ വച്ചും (വടക്കൻ മേഖല) സെപ്റ്റംബർ 21 ന് മണ്ണൂക്കുന്ന് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ചും (തെക്കൻ മേഖല) നടത്തപ്പെട്ടു. ഫാ. ഗീവർഗ്ഗീസ് പതപ്പിള്ളിൽ, മോൻസി ജോൺ, ഫാ. കെ.വി. ഏലിയാസ് (പരീക്ഷാ കൺട്രോളർ, OSSAE) ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ്, റവ. ഫാ. പി.യു കുര്യാക്കോസ് പോത്താറയിൽ കോർ എപ്പിസ്കോപ്പ എന്നിവർ ക്ലാസ്സുകൾ എടുത്തു. ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ ഫാ. റ്റി.പി. കുര്യൻ തളിയച്ചിറ, പി.വി ജോൺ എന്നിവർ ക്യാമ്പുകൾക്ക് നേതൃത്വം നല്കി.

## ഓറിയന്റേഷൻ പ്രോഗ്രാം

ഭദ്രാസന സൺഡേ സ്കൂൾ വേദപ്രവീൺ ഡിപ്ലോമ കരിക്കുലത്തിന്റെ ഭാഗമായി 11,12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഓറിയന്റേഷൻ കോഴ്സ് ആഗസ്റ്റ് 27 ന് പിറവം സെന്റ് ഗ്രിഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടന്നു. വിദ്യാർത്ഥികൾക്ക് ഭാവി പഠനങ്ങളെക്കുറിച്ചും ജോലി സാധ്യതകളെക്കുറിച്ചും കൂടുതൽ അറിവു പകരുന്നതിനായി ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. സി.എസ്. ബാബു (ഓണക്കൂർ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ), മോൻസി ജോൺ (പാമ്പാക്കുട ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ), റവ. ഫാ. പി.യു കുര്യാക്കോസ് കോർ എപ്പിസ്കോപ്പ, പി.വി ജോൺ (ഭദ്രാസന സൺഡേ സ്കൂൾ സെക്രട്ടറി), ഫാ. റ്റി.പി കുര്യൻ (ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ) എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## ഭദ്രാസന യുവജനപ്രസ്ഥാനം വാർഷികം

കണ്ടനാട് വെസ്റ്റ് യുവജന പ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനം ഒക്ടോബർ മാസം പിറവം സെന്റ് ഗ്രിഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. യുവാക്കൾ നന്മയുടെ പാതയിൽ സഞ്ചരിക്കണമെന്നും സത്യത്തിനും നീതിക്കും വേണ്ടി പ്രയത്നിക്കണമെന്നും ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. തീർത്ഥാടനത്തിന്റെ വീഥികൾ എന്ന വിഷയത്തിൽ യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ് വിഷയാവതരണം നടത്തി. ഫാ. സുരേഷ് കപ്പൂച്ചിൽ ക്ലാസ് നയിച്ചു. മലങ്കര സഭയ്ക്ക് അനുകൂലമായി ലഭിച്ച കോടതി വിധിയ്ക്ക് വേണ്ടി പ്രയത്നിച്ച കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയെ ഭദ്രാസന യുവജന പ്രസ്ഥാനത്തിന് വേണ്ടി കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി. കെ. തോമസ് ആദരിച്ചു. 2016-17 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് യുവജന പ്രസ്ഥാനം ഭദ്രാസന ജനറൽസെക്രട്ടറി ഗീവിസ് മാർക്കോസ് അവതരിപ്പിച്ചു. അഭിവന്ദ്യ തിരുമേനിയുടെ ജീവ കാരുണ്യ പ്രവർത്തനങ്ങൾക്ക് ദീർഘകാലമായി സേവനം അനുഷ്ടിച്ചുകൊണ്ടിരിക്കുന്ന വ്യക്തികളെ 'പ്രണാമം' എന്ന പേരിൽ ചടങ്ങിൽ ആദരിച്ചു. പ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജോമോൻ ചെറിയാൻ, വികാരി ഫാ. യാക്കോബ് തോമസ്, പ്രസ്ഥാനം കേന്ദ്ര ട്രഷറർ ജോജി പി. തോമസ്, ഭദ്രാസന സെക്രട്ടറി ഫാ. സി.എ കുര്യാക്കോസ്, റവ. ഫാ. പി.യു കുര്യാക്കോസ് കോറെപ്പിസ്കോപ്പ, ഫാ. ഡോ. ഒ.പി വർഗ്ഗീസ്, ഫാ. ജോൺ തേനുങ്കൽ, ഫാ. ജോസഫ് മലയിൽ, ഫാ. വി.എ മാത്യൂസ്, പ്രസ്ഥാനം കേന്ദ്രകമ്മിറ്റിയംഗം ജാസ്മിൻ സെബാസ്റ്റ്യൻ, പ്രസ്ഥാനം യൂണിറ്റ് സെക്രട്ടറി ജാക്സൺ കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു. ഭദ്രാസന കലാമേളയിൽ വിജയിച്ചവർക്കുള്ള സമ്മാനദാനവും 2016-17 വർഷത്തെ മികച്ച യൂണിറ്റുകളുമായി തെരഞ്ഞെടുത്ത പിറവം കാതോലിക്കേറ്റ് സെന്റർ യുവജനപ്രസ്ഥാനത്തിനും (ഒന്നാം സ്ഥാനം), കോലഞ്ചേരി വലിയ പള്ളി യുവജന പ്രസ്ഥാനത്തിനും (രണ്ടാം സ്ഥാനം), ഉള്ള പുരസ്കാരവും വിതരണം ചെയ്തു.



## ജൈവ പച്ചക്കറി കൃഷി പദ്ധതി ഉദ്ഘാടനം ചെയ്തു.

ഓർത്തഡോക്സ് സഭ കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നടപ്പാക്കുന്ന ജൈവപച്ചക്കറി കൃഷി 'ഹരിത സമൃദ്ധി 2017'പദ്ധതി ഒക്ടോബർ 8



ന് ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടു. ആദ്യഘട്ടമായി ഭദ്രാസന യുവജന പ്രസ്ഥാനവും മണ്ണൂക്കുന്ന് കത്തീഡ്രൽ യുവജന പ്രസ്ഥാനവും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം മണ്ണൂക്കുന്ന് കത്തീഡ്രലിൽ അഭി.ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. വികാരി ഫാ. ജോസ് തോമസ്, പ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. ജോമോൻ ചെറിയാൻ, ഭദ്രാസന കൗൺസിൽ അംഗം പി.കെ. കുര്യാക്കോസ് സഹവികാരി ഫാ. അബ്രാഹാം മാത്യു, പ്രസ്ഥാനം ജനറൽ സെക്രട്ടറി ഗീവിസ് മാർക്കോസ്, മുളക്കുളം മേഖല സെക്രട്ടറി എൽദോസ് ജോർജ്ജ്, ബിൻജോ ബേബി, കുര്യൻ കുര്യാക്കോസ് തുടങ്ങിയവർ പ്രസംഗിച്ചു.

## പ്രീ മാരിറ്റൽ കൗൺസിലിംഗ്



കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ഡിസംബർ 9-ാം തീയതി നടത്തിയ പ്രീ-മാരിറ്റൽ കൗൺസിലിംഗ് ക്ലാസിൽ 32 പേർ പങ്കെടുത്തു. ഈ വർഷത്തെ പ്രീ-മാരിറ്റൽ കോഴ്സുകൾ 2018 മാർച്ച് 10, ജൂൺ 9, സെപ്തംബർ 8, ഡിസംബർ 8 തീയതികളിൽ നടത്തപ്പെടുന്നതാണ്. ക്ലാസുകൾക്ക് ഭദ്രാസന മെത്രാപ്പോലത്ത അഭി. ഡോ. മാത്യൂസ് മാർ സേവേറിയേസസ്, കൗൺസിലർ ഫ്രാൻസിസ് മൂത്തേടൻ, പീഡിയാട്രിക് പ്രൊഫ. ഡോ ഐസക് മത്തായി, ഗൈനക്കോളജി പ്രൊഫ മിനി ഐസക്ക്, ഫാ. ജോൺ കുര്യാക്കോസ്, ഫാ. ഡോ. വർഗീസ് പി. വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകി. ഈ കോഴ്സിന്റെ അപേക്ഷ ഫോം www. kandanad west.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്

## പിതൃസ്മൃതി

കണ്ടനാട് ഭദ്രാസനത്തിന്റെ ഭാഗ്യസ്മരണാർഹനായ ഇടയൻ അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പിറവം സെന്റ് ഗ്രിഗോറിയോസ് തീർത്ഥാടന കേന്ദ്രത്തിൽ വച്ച് ആഗസ്റ്റ് 13 ന് ഓർത്തഡോക്സ് ശുശ്രൂക്ഷ സംഘം പിറവം യൂണിറ്റിന്റെ നേതൃത്വത്തിൽ മാർ പക്കോമിയോസ് അഖില മലങ്കര ക്വിസ് മത്സരം നടത്തപ്പെട്ടു. ഒന്നാം സമ്മാനം 5001 രൂപയും എവർ റോളിംഗ് ട്രോഫിയും പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രലും, 3001 രൂപയും സർട്ടിഫിക്കറ്റും പുത്തൻകാവ് സെന്റ് മേരീസ് പള്ളിയും, 1001 രൂപയും സർട്ടിഫിക്കറ്റും പടമുകൾ സെന്റ് ജോൺ ദിബാപ്റ്റിസ്റ്റ് പള്ളിയും കരസ്ഥമാക്കി. മലങ്കരസഭയിലെ വിവിധ ദേവാലയങ്ങളിൽ നിന്നുള്ള ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

## സെന്റ് ജോർജ്ജ് ചാപ്പൽ കോട്ടപ്പുറം – ശിലാ സ്ഥാപനം.

കിഴുമുറി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളിയുടെ വി. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിലുള്ള കോട്ടപ്പുറം ചാപ്പൽ പുനർ നിർമ്മിക്കണമെന്നുള്ള തദ്ദേശവാസികളുടേയും ഇടവകാംഗങ്ങളുടേയും ചിര



കാലാഭിലാഷം സാക്ഷാത്കരിക്കുന്നതിന് ആരംഭം കുറിച്ച് ആഗസ്റ്റ് 26 ന് മെത്രാപ്പോലീത്ത അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയുടെ പ്രധാന കാർമികത്വത്തിൽ ശിലാസ്ഥാപനം നിർവ്വഹിക്കപ്പെട്ടു. വികാരി ഫാ. ജോൺ വർഗ്ഗീസ് മടക്കാലിൽ. കൺവീനർ ഐസക് .ടി.പോൾ, തുരുത്തേൽ, റവ. ഫാ. സ്കറിയ പി.ചാക്കോ കോർ എപ്പിസ്കോപ്പ എന്നിവർ നേതൃത്വം നൽകി.

## ഭദ്രാസന സൺഡേ സ്കൂൾ വാർഷിക സമ്മേളനവും അദ്ധ്യാപക സംഗമവും

ഭദ്രാസന സൺഡേ സ്കൂൾ വാർഷിക



സമ്മേളനവും അദ്ധ്യാപക സംഗമവും സംയുക്തമായി പുതുവേലി സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് സെപ്തംബർ 29 ന് നടത്തി. റവ. ഫാ. പി.യു കുര്യാക്കോസ് കോർ എപ്പിസ്കോപ്പയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ഭദ്രാസനാധിപൻ അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. ഫാ. റെജി മാത്യു (OSSAE, കേന്ദ്ര ഡയറക്ടർ ജനറൽ) മുഖ്യാഥിതിയായിരുന്നു. ഫാ. റ്റി.പി. കുര്യൻ (ഡയറക്ടർ), വികാരി ഫാ. വി.വി കുര്യാക്കോസ്, മുളക്കുളം ഡിസ്ട്രിക്ട് പ്രസിഡന്റ് ഫാ. ജോസ് തോമസ്, പി.വി ജോൺ (സെക്രട്ടറി) എന്നിവർ നേതൃത്വം നൽകി. 2016 ലെ ഏറ്റവും മികച്ച സൺഡേസ്കൂൾ യൂണിറ്റായ ഓണക്കൂർ സെന്റ് മേരീസ് യൂണിറ്റിന് എവർറോളിംഗ് ട്രോഫി നൽകി ആദരിച്ചു. സമ്മാനാർഹരായ മറ്റ് വിദ്ധ്യാർത്ഥികൾക്ക് ഉപഹാരങ്ങൾ നൽകി ആദരിച്ചു.

## ലോഗോ പ്രകാശനം


മുളക്കുളം കർമ്മേൽകുന്ന് സെന്റ്ജോർജ്ജ് ഓർത്തഡോക്സ് പള്ളിയുടെ മാർത്തോമൻ സണ്ടേസ്കൂളിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് യുവജന പ്രസ്ഥാനാംഗം സ്റ്റെജിൻ ഡിസൈൻ ചെയ്ത ലോഗോ വികാരി ഫാ. ടി.പി. കുര്യൻ തളിയച്ചിറ പ്രകാശനം ചെയ്തു. പള്ളി ട്രസ്റ്റി ജോർജ്ജ് സി. പോൾ, സെക്രട്ടറി ഉല്ലാസ് കെ. ജോസ് എന്നിവർ സമീപം.



അഖില മലങ്കര ബാലസമാജം 2017 ജൂലൈ 8-ാം തീയതി കൊരട്ടി സിയോൻ സെമിനാരിയിൽ വച്ച് നടത്തിയ നോർത്ത് സോൺ കലാമത്സരത്തിൽ വിജയികളായ നമ്മുടെ ഭദ്രാസനത്തിലെ കുട്ടികൾ.

I സബ്ജൂനിയർ :

**ആക്ഷൻ സോംഗ്**



**ജോമനറ്റ് ജിൻസ്** (മൂന്നാം സ്ഥാനം)
(എം.റ്റി.എം പാമ്പാക്കുട)

**ബൈബിൾ കഥാകഥനം**



**കെസ്ലിൻ മരിയ അനിൽ** (ഒന്നാം സ്ഥാനം)
(സെന്റ് മേരീസ് ഓണക്കൂർ)

II ജൂനിയർ

**പ്രസംഗം**




**അന്ന ജോയി** (മൂന്നാം സ്ഥാനം)
(സെന്റ് ജോർജ്ജ് കിഴുമുറി)

III സീനിയർ :

**ക്രിസ്തീയ കവിതാ പാരായണം**



**ഗ്രിഗറി ബേബി** (ഒന്നാം സ്ഥാനം)
(എം.റ്റി.എം പാമ്പാക്കുട)



**ജോയ്സ് മറിയം** (മൂന്നാം സ്ഥാനം)
(സെന്റ് മേരീസ് ഓണക്കൂർ)

**പെൻസിൽ ഡ്രോയിംഗ്**



**ബേസിൽ ബാബു** (ഒന്നാം സ്ഥാനം)
(സെന്റ് തോമസ് നെച്ചൂർ )



**തോമസ് കുട്ടി ജോസഫ്** (രണ്ടാം സ്ഥാനം)
(എം.റ്റി.എം പാമ്പാക്കുട)

**ഉപന്യാസ രചന**



**റോഷ്ന രാജു** (സെന്റ് തോമസ് നെച്ചൂർ)

**കഥാപ്രസംഗം**



**അഭിയ ബിജു** (രണ്ടാം സ്ഥാനം)
(സെന്റ് മേരീസ് ഓണക്കൂർ)



നോർത്ത് സോണൽ മത്സരങ്ങളിൽ നമ്മുടെ ഭദ്രാസനം രണ്ടാം സ്ഥാനം കരസ്ഥമാക്കി.

## യുവജന സംഗമം



പാമ്പാക്കുട സെന്റ് ജോൺസ് വലിയ പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ് ജോൺസ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് യുവജന സംഗമം 2017 ഡിസംബർ 4-ാം തീയതി നടത്തി. ആലുവ തൃക്കുന്നത്ത് സെമിനാരി മാനേജർ ഫാ. യാക്കോബ് തോമസ് പ്രസ്തുത സംഗമം ഉദ്ഘാടനം ചെയ്ത് സഭയും യുവജനങ്ങളും എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. ഫാ. വി. എ. മാത്യൂസ് അദ്ധ്യക്ഷത വഹിച്ചു. വികാരി ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, യുവജന പ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജോമോൻ ചെറിയാൻ, ഡീ. പൗലോസ് കോനാട്ട്, സഭാ മാനേജിംഗ് കമ്മിറ്റി അംഗം അജു മാത്യു, ഭദ്രാസന ജന. സെക്രട്ടറി ഗീവീസ് മർക്കോസ്, പാമ്പാക്കുട മേഖല സെക്രട്ടറി നിഖിൽ കെ. ജോയി എന്നിവർ പ്രസംഗിച്ചു.

## ചികിത്സാ സഹായവുമായി പാമ്പാക്കുട ചെറിയ പള്ളി

പള്ളിപ്പെരുന്നാളിന് എടുക്കാറുള്ള ഓഹരി ഇത്തവണയും പാമ്പാക്കുടക്കാർ മുടക്കിയില്ല, പെരുന്നാൾ നടത്താനല്ല, ക്യാൻസർ രോഗികളുടെ ചികിത്സയ്ക്കായാണ് ഓഹരിയായി സമാഹരിച്ച ഒരുലക്ഷത്തിലേറെ രൂപ വിശ്വാസികൾ നല്കിയത്. 2017 ഡിസംബർ 21-ാം തീയതി പാമ്പാക്കുട സെന്റ് തോമസ് ഓർത്തഡോക്സ് ചെറിയ പള്ളിയിൽ വി. മാർ തോമ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാളിനാണ് ഇടവകക്കാർ ക്രിസ്തുസന്ദേശം ഉയർത്തുന്ന മികച്ച മാതൃക കാട്ടിയത്. ഗാനമേളയോ ഇതര ആഘോഷപരിപാടികളോ നടത്താതെ ഈ തുക രോഗികൾക്കുവേണ്ടി ചെലവഴിക്കണമെന്ന വികാരി ഫാ. എബ്രഹാം പാലപ്പിള്ളിയുടെ നിർദ്ദേശം ജനങ്ങളും അംഗീകരിച്ചു. ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിക്ക് തുകയുടെ ചെക്ക് കൈമാറി ചികിത്സാ പദ്ധതി ഉദ്ഘാടനം ചെയ്തു. ഫാ. എബ്രഹാം പാലപ്പിള്ളി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഫാ. ജോസഫ് മലയിൽ, ഫാ. ജോൺ വി. ജോൺ, ഫാ. ജോൺസ് മാത്യു എന്നിവർ പ്രസംഗിച്ചു.

## പ്രത്യാശയിലെ ക്രിസ്തുമസ്

കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാന അംഗങ്ങൾ പിറമാടം പ്രത്യാശാ ഭവനിലെ കുട്ടികളോടൊപ്പം ക്രിസ്തുമസ് ആഘോഷിച്ചു. ക്രിസ്തുമസ് ആഘോഷങ്ങളുടെ ഉദ്ഘാടനം ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ മാത്യൂസ് മാർ സേവേറിയോസ് തിരുമേനി നിർവ്വഹിച്ചു. യുവജനങ്ങളിലെ ആശയവിനിയ നിപുണത-വേദപുസ്തക വെളിച്ചത്തിൽ എന്ന വിഷയത്തിൽ അജി വർഗീസ് ബത്തേരി ക്ലാസ് നയിച്ചു. ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി നിർദ്ധനരായ കുടുംബങ്ങൾക്കുള്ള ചികിത്സാ സഹായത്തിന് ലഭിച്ച തുക ഇടവക മെത്രാപ്പോലീത്ത തിരുമനസ്സിന് കൈമാറി. തുടർന്ന് ഭദ്രാസന യുവജന പ്രസ്ഥാന യൂണിറ്റുകൾ മാറ്റുരച്ച കരോൾ ഗാന മത്സരം നടന്നു. ഒന്നാം സ്ഥാനം വാളകം സെന്റ് തോമസ് കാതോലിക്ക സെന്റർ (3001 രൂപയും ട്രോഫിയും) രണ്ടാം സ്ഥാനം ഓണക്കൂർ സെന്റ് മേരീസ് വലിയ പള്ളി യുവജനപ്രസ്ഥാനം (2001 രൂപയും ട്രോഫിയും) കരസ്ഥമാക്കി. ചടങ്ങിൽ വികാരി ഫാ. ജോസഫ് മങ്കിടി, യുവജനപ്രസ്ഥാനം ഭദ്രാസന ജന. സെക്രട്ടറി ഗീവീസ് മർക്കോസ്, കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം അജു എബ്രഹാം,



പാമ്പാക്കുട മേഖല സെക്രട്ടറി നിഖിൽ കെ. ജോയി, കോലഞ്ചേരി മേഖലാ സെക്രട്ടറി പേൾ കണ്ണേത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

## സഭക്ക് അഭിമാന നിമിഷം



നെച്ചൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ നീണ്ട 46 വർഷങ്ങൾക്കു ശേഷം ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി പ്രവേശിച്ച് പ്രാർത്ഥന നടത്തി. സഭയ്ക്ക് ഇത് ഒരു അഭിമാന നിമിഷം.

## യുവജന കലാമേള

ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കലാമേള നടത്തി. കോലഞ്ചേരി പ്രസാദം സെന്ററിൽ നടന്ന കലാമേളയുടെ ഉദ്ഘാടനം ഭദ്രാസന സെക്രട്ടറി ഫാ. സി.എം. കുര്യാക്കോസ് നിർവ്വഹിച്ചു. യുവജനപ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജോമോൻ ചെറിയാൻ അദ്ധ്യക്ഷത വഹിച്ചു. യുവജന പ്രസ്ഥാനം ഭദ്രാസന ജന. സെക്രട്ടറി ഗീവീസ് മർക്കോസ്, കോലഞ്ചേരി മേഖലാ സെക്രട്ടറി പേൾ കണ്ണേത്ത്, അലൻ ജോർജ്ജ്, എൽദോസ് ജോർജ്ജ് തുടങ്ങിയവർ പ്രസംഗിച്ചു. കലാമേളയിൽ ഒന്നാം സ്ഥാനം ഓണക്കൂർ സെന്റ് മേരീസ് വലിയ പള്ളി യുവജന പ്രസ്ഥാനവും രണ്ടാം സ്ഥാനം പിറവം മാർ ഗ്രിഗോറിയോസ് കാതോലിക്കേറ്റ് യുവജന പ്രസ്ഥാനവും കരസ്ഥമാക്കി.



## പ്രാർത്ഥനയോഗം സെൻട്രൽ സോൺ വാർഷികം



കണ്ടനാട് വെസ്റ്റ് ഭദ്രാസന പ്രാർത്ഥനയോഗം സെൻട്രൽ സോണിന്റെ വാർഷിക സമ്മേളനം 2018 ജനുവരി 21 ന് നെച്ചൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടന്നു. അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമനസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഭദ്രാസന പ്രാർത്ഥനായോഗം മുൻ വൈസ് പ്രസിഡന്റ് ഫാ. ഡോ. ടി.പി. ഏലിയാസ്, വികാരി ഫാ. ജോസഫ് മലയിൽ, സോണൽ സെക്രട്ടറി ശ്രീ. തോമസ് പോട്ടക്കാട്ടിൽ എന്നിവർ പ്രസംഗിച്ചു. വേദപുസ്തക പരിചയ മത്സരം നടത്തപ്പെട്ടു. വിദ്യാഭ്യാസ-കലാ മേഖലകളിൽ തങ്ങളുടേതായ കഴിവ് തെളിയിച്ച ആമോസ് പി. തോമസിനെയും റെന്നി മാത്യുവിനേയും സമ്മേളനത്തിൽ അനുമോദിച്ചു.

## കൗണ്ടി ക്രിക്കറ്റ് മത്സരം

പിറവം മാർ ഗ്രീഗോറിയോസ് തീർത്ഥാടന കേന്ദ്രം യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ അഖിലമലങ്കര ക്രിക്കറ്റ് മത്സരം പിറവം ഗവ. സ്കൂൾ മൈതാനിയിൽ നടത്തപ്പെട്ടു. മത്സരത്തിൽ പങ്കെടുത്ത 8 ടീമുകളിൽ നിന്ന് മുളന്തുരുത്തി മാർത്തോമൻ യുവജന പ്രസ്ഥാനത്തിന് ഒന്നാം സ്ഥാനവും, സെന്റ് ജോൺസ് കണ്യാട്ട്നിരപ്പ് യുവജന പ്രസ്ഥാനത്തിന്



രണ്ടാം സ്ഥാനവും, മണ്ണൂക്കുന്ന് സെന്റ് മേരീസ് കത്തീഡ്രൽ യുവജന പ്രസ്ഥാനത്തിന് മൂന്നാം സ്ഥാനവും ലഭിച്ചു. ബെസ്റ്റ് ബാറ്റ്സ് മാൻ- പോളി വർഗീസ് (മണ്ണൂക്കുന്ന് സെന്റ് മേരീസ് കത്തീഡ്രൽ), ബെസ്റ്റ് ബോളർ - സിജു കണ്യാട്ടുനിരപ്പ്, അജിത് ഓണക്കൂർ എന്നി വരും കരസ്ഥമാക്കി. പിറവം വലിയ പള്ളി വികാരി ഫാ. സ്കറിയ വട്ടക്കാട്ടിൽ വിജയി കൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

## കോലഞ്ചേരി പള്ളി കുടുംബസംഗമം



സെന്റ് പീറ്റേഴ്സ് & സെന്റ്പോൾസ് ഓർത്തഡോക്സ് പള്ളിയുടെ ഇടവക കുടും ബസംഗമം 2018 ജനുവരി 21 ന് നടത്തപ്പെട്ടു. ഇടവകയിലെ 18 കുടുംബയൂണിറ്റുകളുടെയും ആഭിമുഖ്യത്തിൽ കോലഞ്ചേരി പള്ളിയിലേക്ക് ഘോഷയാത്ര നടത്തപ്പെട്ടു. വികാരി ഫാ. ജേക്കബ് കുര്യൻ അദ്ധ്യക്ഷത വഹിച്ച സമ്മേ ളനം ഭദ്രാസന മെത്രാപ്പോലീത്ത അഭി. മാത്യൂസ് മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. റിട്ട. ബീഹാർ ചീഫ് ജസ്റ്റീസ് & റിട്ട. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീ ഷൻ ചെയർമാനുമായിരുന്ന ജസ്റ്റീസ് ബഞ്ച മിൻ കോശി മുഖ്യസന്ദേശം നല്കി. സംഗീത സന്ധ്യ ഉദ്ഘാടനം പ്രശസ്ത ചലച്ചിത്ര പിന്നിണി ഗായകൻ ശ്രീ. മധു ബാലകൃഷ്ണൻ നിർവ്വഹിച്ചു. സഹവികാരിമാരായ ഫാ. ടി. വി. ആൻഡ്രൂസ്, ഫാ. ലൂക്കോസ് തങ്കച്ചൻ, മുൻ വൈദിക ട്രസ്റ്റി ഫാ. ജോൺസ് എബ്രഹാം കോനാട്ട്, മലങ്കര അസ്സോസിയേഷൻ സെക്ര ട്ടറി അഡ്വ. ബിജു ഉമ്മൻ, ഭദ്രാസന സെക്രട്ടറി ഫാ. സി.എം. കുര്യാക്കോസ്, ഭദ്രാസന അര മന മാനേജർ ഫാ. ഡോ. ഒ.പി. വർഗീസ്, മുൻ സഹവികാരി ഫാ. റോബിൻ മർക്കോസ്, ഹൈക്കോടതി സീനിയർ അഭിഭാഷകൻ അഡ്വ. എസ്. ശ്രീകുമാർ, MOSC ഹോസ്പി റ്റൽ സെക്രട്ടറി ശ്രീ. ജോയി പി. ജേക്കബ്, സഭാ മനേജിംഗ് കമ്മിറ്റി അംഗം അജു മാത്യു, പള്ളി ട്രസ്റ്റി സാജു പി. വർഗീസ്, പടിഞ്ഞാക്കര, പ്രാർത്ഥനായോഗം സോണൽ സെക്രട്ടറി ബാബു പോൾ പള്ളിയ്ക്കാക്കുടിയിൽ, ഇടവക കുടുംബയൂണിറ്റ് കോർഡിനേറ്റർ കുഞ്ഞുമോൻ തോമസ് എന്നിവർ പ്രസംഗിച്ചു. അതേ തുടർന്ന് സംഗീതലോകത്തെ പ്രമുഖർ അണി നിരന്ന ക്രിസ്തീയ ഗാനമേളയും അത്താഴവി രുന്നും ഉണ്ടായിരുന്നു.

## യുവജനസംഗമം

കുന്നയ്ക്കാൽ വെസ്റ്റ് യുവജനപ്രസ്ഥാന ത്തിന്റെ ആഭിമുഖ്യത്തിൽ 2018 ജനുവരി 21 ന് യുവജന സംഗമം ട്രഷറർ എൽദോസ് പി. കുന്നേലിന്റെ ഭവനത്തിൽ വെച്ച് നടന്നു. വികാരി ഫാ. ഡോ. ടി.പി. ഏലിയാസ് അദ്ധ്യ




ക്ഷത വഹിച്ച സമ്മേളനത്തിൽ ഫാ. ഡോ. തോമസ് ചകിരിയിൽ "പുതുതലമുറയിൽ യുവത്വം നേരിടുന്ന വെല്ലുവിളികൾ" എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. അതേ തുടർന്ന് യുവജനങ്ങളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. ഭദ്രാസന യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. ജോമോൻ ചെറി യാൻ, ജന. സെക്രട്ടറി ഗീവീസ് മർക്കോസ്, യൂണിറ്റ് വൈസ് പ്രസിഡന്റ് ബിജു ചെറിയാൻ എന്നിവർ നേതൃത്വം നല്കി.

## മാർ ഔഗേൻ പിതാവിന്റെ ചിത്രം സ്ഥാപിച്ചു.

മറവൻതുരുത്ത് മാർ ഔഗേൻ ഓർത്ത ഡോക്സ് ദേവാലയത്തിൽ മാർ ഔഗേൻ പിതാവിന്റെ ഛായ ചിത്രം സ്ഥാപിച്ചു. കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമ നയിൽ നിന്ന് പരി. കാതോലിക്കാ ബസ്സേലി



യോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ ബാവാ തിരുമനസുകൊണ്ട് വികാരി ഫാ. ജോൺസ് മാത്യുവിന് ചിത്രം ആശീർവദിച്ച് നല്കി. ഈജിപ്റ്റിൽ നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ ഔഗേൻ പിതാവിന്റെ നാമത്തിലുള്ള ഇന്ത്യയിലെ ഏക ദേവാലയമാണ് മറവൻതുരുത്തിലേത്. വാഹന ഘോഷയാത്രയായി ചിത്രം പള്ളിയിൽ എത്തിച്ച് സ്ഥാപിച്ചു. ജിജി തോമസ്, ബിജു ജോർജ്ജ് എന്നിവർ നേതൃത്വം നല്കി.

## കൽകുരിശ് കൂദാശ

ഊരമന ഗലീലക്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ പ്രധാന പെരുന്നാൾ ചടങ്ങുകളോടൊപ്പം, പുതുതായി നിർമ്മിക്കപ്പെട്ട കൽകുരിശിന്റെ കൂദാശാ കർമ്മം നിർവ്വഹിക്കപ്പെട്ടു. പെരുന്നാൾ ചടങ്ങുകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ച നിലയ്ക്കൽ ഭദ്രാസനാധിപൻ അഭി. ജോഷ്വാ മാർ നിക്കോദിമോസ് തിരുമേനി കൂദാശ കർമ്മം നിർവ്വഹിച്ചു. ഫാ. എബ്രഹാം മാത്യു, ഫാ. ജോൺസ് മാത്യു, ഫാ.യാക്കോബ് തോമസ് എന്നിവർ സന്നിഹിതരായിരുന്നു. വികാരി ഫാ. ഗീവർഗീസ് ജോൺസൺ, സഹവികാരി ഫാ. ജോൺ ചോളോത്തിൽ, പി.എസ്. വർഗീസ്



(ട്രസ്റ്റി), എ.സി. പത്രോസ് (സെക്രട്ടറി) എന്നിവർ പെരുന്നാൾ ചടങ്ങുകൾക്ക് നേതൃത്വം നല്കി.

## മാർത്തോമ്മൻ സണ്ടേസ്കൂൾ ശതാബ്ദി

മുളക്കുളം കർമ്മേൽകുന്ന് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയുടെ മാർത്തോമ്മൻ സണ്ടേസ്കൂൾ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം വെരി. റവ. പി.യു. കുര്യാക്കോസ് കോറെപ്പിസ്കോപ്പാ



ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ടി.പി. കുര്യൻ തളിയച്ചിറ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഫാ. ജോസ് തോമസ്, ഫാ. യാക്കോബ് തോമസ്, ഡോ. വി.എം. മാത്യൂസ്, മാത്യു മള്ളിപ്പുറം, ബേബി വർഗീസ്, ജോർജ്ജ് സി. പോൾ, ഉല്ലാസ് ജോസ് എന്നിവർ പ്രസംഗിച്ചു. ആദ്ധ്യാത്മിക സംഘടനകളുടെ നേതൃത്വത്തിൽ കലാസന്ധ്യയും നടത്തപ്പെട്ടു.

## ഐ ക്ലിനിക് ഉദ്ഘാടനം

കണ്ടനാട് വെസ്റ്റ് ഭദ്രാസനദിനത്തോടനുബന്ധിച്ച് 2018 ഫെബ്രുവരി 11 ഞായറാഴ്ച കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടക്കുന്ന ഭദ്രാസന ദിനാഘോഷം - കുടുംബസംഗമത്തിൽ മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ നിർദ്ധനരായ നേത്ര രോഗികൾക്കായി പ്രവർത്തനമാരംഭിക്കുന്ന പ്രകാശം ഐ ക്ലിനിക്കിന്റെ ഉദ്ഘാടനം പരി. ബസേലിയോസ് മാർതോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവാ നിർവ്വഹിക്കുന്നതാണ്.

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
# കണ്ടനാട് വെസ്റ്റ് ഭദ്രാസന സൺഡേ സ്കൂൾ

## സഹപാഠ്യ മത്സര വിജയികൾ

| | | | |
|---|---|---|---|
| സബ് ജൂനിയർ : | പ്രസംഗം : | 1st | **ഹന്ന ബാബു** (എം.കെ.എം പിറവം) |
| | | IInd | **ഫേബ ബെന്നി** (സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പുത്തൻകുരിശ്) |
| | സംഗീതം : | 1st | **ഇഷാര മറിയം എൽദോ** (സെന്റ് ജോർജ്ജ്, കടമറ്റം) |
| | | IInd | **അനന്യ അന്ന അരുൺ** (സെന്റ് ജോൺസ് പെരുവ) |
| ജൂനിയർ : | പ്രസംഗം : | 1st | **ക്രിസ്റ്റി ബിനു** (സെന്റ് മേരീസ്, ഓണക്കൂർ) |
| | | IInd | **സമന്വ എൽദോസ്** (സെന്റ് പീറ്റേഴ്സ്, കോലഞ്ചേരി) |
| | സംഗീതം : | 1st | **സമന്വ എൽദോസ്** (സെന്റ് പീറ്റേഴ്സ്, കോലഞ്ചേരി) |
| | | IInd | **ക്രിസ്റ്റി ബിനു** (സെന്റ് മേരീസ്, ഓണക്കൂർ) |
| | സമൂഹഗാനം : | 1st | **ക്രിസ്റ്റി ബിനു, ഗ്ലാഡിസ് എൽസ, മിഷേൽ മറിയ** (സെന്റ് മേരീസ്, ഓണക്കൂർ) |
| | | IInd | **സമന്വ എൽദോസ്, ഫിയ ജോർജ്ജ്, അന്ന ബിജു** (സെന്റ് പീറ്റേഴ്സ്, കോലഞ്ചേരി) |
| | വേദവാക്യം : | 1st | **അലോണ ഷിബു** (എം.റ്റി.എം, പാമ്പാക്കുട) |
| | | IInd | **അനീറ്റ സാബു** (സെന്റ് മേരീസ്, ഓണക്കൂർ) |
| സീനിയേഴ്സ് : | പ്രസംഗം : | 1st | **നവീൻ ജോണി** (സെന്റ് മേരീസ്, ഓണക്കൂർ) |
| | | IInd | **ബെൻസ ബെന്നി** (സെന്റ് ജോർജ്ജ് കടമറ്റം) |
| | സംഗീതം : | 1st | **ഐറാ സൂസൻ കുര്യാക്കോസ്** (സെന്റ് മേരീസ് മണ്ണൂക്കുന്ന്) |
| | | IInd | **സ്മേരാ ബിനു** (കർമ്മേൽകുന്ന് മർത്തോമൻ ഠൈ ) |
| | സമൂഹഗാനം : | 1st | **നേഹ ബാബു, എയ്ഞ്ചൽ സൂസൻ, അൽന കുരിയാക്കോസ്** (സെന്റ് ജോൺസ്, പാമ്പാക്കുട) |
| | | IInd | **സാന്ദ്ര ബിനു, ഫേബ വർഗ്ഗീസ്, മെർലിൻ സാറ** (സെന്റ് മേരീസ്, ഓണക്കൂർ) |
| | വേദവാക്യം : | 1st | **ക്രിസ്റ്റിൻ വർഗ്ഗീസ്** (സെന്റ് ജോർജ്ജ്, കിഴുമുറി) |
| | | IInd | **നവീൻ ജോണി** (സെന്റ് മേരീസ്, ഓണക്കൂർ) |
| | പൊതുവിജ്ഞാനം : | 1st | **നവീൻ ജോണി** (സെന്റ് മേരീസ്, ഓണക്കൂർ) |
| | | IInd | **ക്രിസ്റ്റിൻ വർഗ്ഗീസ്** (സെന്റ് ജോർജ്ജ്, കിഴുമുറി) |
| ഹയർസെക്കന്ററി : | പൊതുവിജ്ഞാനം : | 1st. | **പ്രിയ ബാബു** (സെന്റ് മേരീസ്, ഓണക്കൂർ) |
| | | IInd | **അഫിയ ബിജു** (സെന്റ് മേരീസ്, ഓണക്കൂർ) |
| | ഉപന്യാസം : | 1st. | **റോഷ്ന രാജു** (സെന്റ് തോമസ്, നെച്ചൂർ) |
| | | IInd | **അഫിയ ബിജു** (സെന്റ് മേരീസ്, ഓണക്കൂർ) |
| | വേദവാക്യം : | 1st | **പ്രിയ ബാബു** (സെന്റ് മേരീസ്, ഓണക്കൂർ) |
| | | IInd | **ബേസിൽ സജി** (സെന്റ് മേരീസ്, ഓണക്കൂർ) |
| | പ്രസംഗം : | 1st | **അഫിയ ബിജു** (സെന്റ് മേരീസ്, ഓണക്കൂർ) |



പ്രഥമ ചേപ്പാട് മാർ ദിവന്നാസിയോസ് അവാർഡ് അഭി. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസ് തുമ്പമൺ ഭദ്രാസനാധിപൻ അഭി. കുര്യാക്കോസ് മാർ ക്ലീമിസ് തിരുമേനിയിൽ നിന്നും ഏറ്റുവാങ്ങുന്നു. സാമൂഹ്യ - ജീവകാരുണ്യ രംഗങ്ങളിൽ അഭി. തിരുമേനി നല്കിവരുന്ന സംഭാവനകളെ മുൻനിർത്തിയാണ് അവാർഡ്. അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, അഭി. അലക്സിയോസ് മാർ യൗസേബിയോസ്, ഭദ്രാസന സെക്രട്ടറി ഫാ. സി.എം. കുര്യാക്കോസ്, ഫാ. ജേക്കബ് കുര്യൻ എന്നിവർ സമീപം

## നവാഭിഷിക്തർക്ക് പ്രാർത്ഥനാശംസകൾ



ഫാ. ജോൺസ് മാത്യു ഐക്കരക്കുന്നത്ത്



ഡീ. എൽദോസ് ബാബു



ഡീ. ലിജിൻ കെ. രാജു



ഡീ. ജെയ്മോൻ ജോസഫ്

## ഡോക്ടറേറ്റ് കരസ്ഥമാക്കി




മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും സുറിയാനി പഠനത്തിൽ പി.എച്ച്.ഡി. കരസ്ഥമാക്കിയ റവ. ഫാ. വർഗീസ് പി. വർഗീസ്. പാമ്പാക്കുട കോനാട്ട് ഗ്രന്ഥശേഖരത്തിലെ സുറിയാനി ആരാധന കൈയെഴുത്ത്പ്രതികളെക്കുറിച്ചുള്ളതായിരുന്നു ഗവേഷണ പ്രബന്ധം. മലങ്കര ഓർത്തഡോക്സ് സഭയുടെ കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ കുന്നയ്ക്കാൽ സെ.ജോർജ് സെഹിയോൻ ഓർത്തഡോക്സ് പള്ളി വികാരിയും, കോട്ടയം ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക് അസിസ്റ്റന്റ് ഡയറക്ടറും, ശുശ്രൂഷക സംഘം ഭദ്രാസന വൈസ് പ്രസിഡന്റും പ്രദീപ്തി മാസിക സബ് എഡിറ്ററുമാണ്.

80-ാം ജന്മദിനവും പൗരോഹിത്യ സുവർണ്ണ ജൂബിലിയും ആഘോഷിക്കുന്ന

ഫാ. ജോൺ തളിയച്ചിറ കോറെപ്പിസ്കോപ്പായ്ക്ക്

പ്രാർത്ഥനാമംഗളങ്ങൾ



പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന

ഫാ. ജേക്കബ് കുര്യന്

പ്രാർത്ഥനാശംസകൾ....




മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
കണ്ടനാട് വെസ്റ്റ് ഭദ്രാസനം
ഭദ്രാസന ദിനാഘോഷവും
കുടുംബ സംഗമവും
ടോഷ് ക്രിസ്റ്റി
അലക്സിൻ ജോർജ്ജ്
(Divisional Head, Indian Postal Service)
2018 ഫെബ്രുവരി 11 ഞായർ, 3pm - 6pm
കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ
വിളംബര റാലി | ദീപശിഖ പ്രയാണം | കൊടി ഘോഷയാത്ര | പൊതുസമ്മേളനം | ഐ ക്ലിനിക് ഉദ്ഘാടനം
പരി. കാതോലിക്ക ബാവ, അഭി. മെത്രാപ്പോലീത്തമാർ, സാംസ്കാരിക പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കുന്നു.
ആശംസകളോടെ.... സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി കോലഞ്ചേരി